വിശ്വസുന്ദരി; വൃദ്ധരതി

എം കൃഷ്ണൻ നായർ



വിശ്വസുന്ദരി; വൃദ്ധരതി

എം കൃഷ്ണൻ നായർ
(മലയാളം: നിരൂപണം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Bohley Eingeschlossene, a painting by Annemirl Bauer (1939–1989). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

വിശ്വസുന്ദരി; വൃദ്ധരതി 4

പനിനീർപ്പൂ വിടരുന്നത് എന്തുകൊണ്ട്? 5

ഓഇൗ കെൻസാബുറോ 6

രക്തത്തിന്റെ ഗന്ധം—സ്നേഹത്തിന്റെ പരിമളം 7

സാഹിത്യത്തിന്റെ സാർവ്വലൗകീക ശക്തി 8

'ചലനം കൊള്ളുന്ന വിരലുകൾ എഴുതുന്നു' 9

കനേറ്റി: കാലത്തിന്റെ ശബ്ദം . . 10

പാച്ചിയമ്മയ്ക്കു കുഞ്ഞ് 11

കണ്ണീരൊലിച്ച ഓണദിനം 12

കെ. സുരേന്ദ്രന്റെ നോവലുകൾ . 13

വിശ്വസുന്ദരി, വൃദ്ധരതി 14

ഗ്രഹഭംഗികളില്ലാത്ത കാലം, സാഹിത്യവും 15

വിശ്വസുന്ദരി; വൃദ്ധരതി

പനിനീർപ്പൂ വിടരുന്നത് എന്തുകൊണ്ട്?



ഡബ്ള്യൂ. ബി. യേറ്റ്സ്

'സ്വർണ്ണ പ്രകാശവും രജത പ്രകാശവും കലർത്തി നിർമ്മിച്ച മനോഹരമാക്കിയ അന്തരീക്ഷത്തിന്റെ വസ്ത്രങ്ങൾ എനിക്കുണ്ടായിരുന്നെങ്കിൽ, രാത്രിയുടെയും പ്രകാശത്തിന്റെയും നീലനിറമാർന്നതും അവ്യക്തതയാർന്നതും ഇരുണ്ട നിറമാർന്നതും ആയ വസ്ത്രങ്ങൾ എനിക്കുണ്ടായിരുന്നെങ്കിൽ ഞാൻ അവ നിന്റെ പാദങ്ങൾക്കു താഴെ വിരിക്കുമായിരുന്നു. പക്ഷേ, ദരിദ്രനായ എനിക്കു സ്വപ്നങ്ങൾ മാത്രമേയുള്ളു. ഞാൻ അവ നിന്റെ പാദങ്ങൾക്കു താഴെ ഇതാ വിരിച്ചിരിക്കുന്നു. മൃദുലമായി പാദങ്ങൾ വയ്ക്കൂ. കാരണം നീ എന്റെ സ്വപ്നങ്ങളിലാണ് കാലുകൾ വയ്ക്കുന്നത്. '(Tread softly because you tread on my dream) ഡബ്ള്യൂ. ബി. യേറ്റ്സിന്റെ കവിതയാണ് ഇത്. കേരളീയരുടെ കാലുകൾക്കു താഴെയായി കിനാവുകൾ വിരിച്ചു കൊടുത്ത കവിയാണു ചങ്ങമ്പുഴ. അദ്ദേഹത്തിന്റെ കവിതയ്ക്കു സ്വപ്നത്തിന്റെ മനോഹാരിതയും അവ്യക്തതയും ഉണ്ടെന്നാണ് അതിന്റെ അർത്ഥം.



ചങ്ങമ്പുഴ

സ്വപ്നങ്ങൾ നിദ്രയിൽ വിലയം കൊണ്ടവന്റെ അർത്ഥനയനുസരിച്ചല്ല ആവിർഭവിക്കുന്നത്. അവ തനിയെ വരുന്നു, എങ്ങോട്ടോ പോകുന്നു. പനിനീർപ്പൂ എന്തുകൊണ്ടു വിടരുന്നു എന്നു ചോദിക്കാനാവുമോ നമുക്കെന്ന് ഒരു സ്പാനിഷ് കവിയുടെ ചോദ്യമുണ്ട്. The rose has no way, it flowers because it flowers. കിനാവുപോലെ, റോസാപ്പൂപോലെ ചങ്ങമ്പുഴക്കവിത വിടർന്നു. കിനാവുകൾ തനിയെ വരുന്നു, എങ്ങോട്ടോ പോകുന്നു എന്നു ഞാനെഴുതിയതിൽ രണ്ടാമത്തെ ഭാഗം തെറ്റ്. ചങ്ങമ്പുഴക്കവിത ഒരിടത്തും പോയിട്ടില്ല. അന്തർദ്ധാനം ചെയ്തിട്ടില്ല. ഭംഗിയും പരിമളവും പ്രസരിപ്പിച്ചുകൊണ്ട് അത് നമ്മുടെ മുൻപിൽ എപ്പോഴും നില്ക്കുന്നു. കവിയുടെ 'സ്വരരാഗസുധ' എന്ന കാവ്യഗ്രന്ഥം പ്രിയപ്പെട്ട വായനക്കാരുടെ മേശയുടെ പുറത്തു കിടക്കുന്നുവെന്ന് ഞാൻ വിചാരിക്കട്ടെ. അതിന്റെ വെളുത്ത പുറങ്ങളിൽ കുറെ കറുത്ത അക്ഷരങ്ങൾമാത്രം.

പക്ഷേ, ഒരു പുറത്തിലൂടെ കണ്ണോടിക്കൂ. ഒരതിസുന്ദരി അവിടെ നിന്ന് എഴുന്നേറ്റു വന്നു നിങ്ങളെനോക്കി പുഞ്ചിരിതൂകുന്നു.

> അർദ്ധനഗ്നോജ്ജ്വലാംഗികളാകു
> മണ്ഡികന്യകളല്ലയോ നിങ്ങൾ?
> ശബ്ദ വീചി ശതങ്ങളിൽത്തത്തി
> നൃത്തമാടും മദാലസമാരേ
> അർദ്ധസുപ്തിയിലാടിക്കുഴഞ്ഞി
> ങ്ങെത്തി നില്പിതോ നിങ്ങളെൻ മുന്നിൽ?

അപ്പോൾ വിലാസപതാകയായ 'ജ്ജ', നാണം കുണുങ്ങിയ 'ന്ദ', കളിച്ചെണ്ടേന്തിയ 'ങ്ഗ' ഇവ കവിയുടെ മുൻപിൽ നൃത്തമാടുന്നു. നമ്മുടെ മുൻപിലുമുണ്ട് ആ നൃത്തം. കവിയോടൊപ്പം നമ്മളും ചോദിക്കുന്നു.

> 'എന്തു നൃത്തം നടത്തുകയാണോ
> സുന്ദരികളേ നിങ്ങളെൻ മുന്നിൽ
> ഒറ്റ മാത്രയ്ക്കകത്തഹോ നിങ്ങൾ
> മറ്റൊരു ലോകമാരചിച്ചല്ലോ'

കിനാവിന്റേയും പനിനീർപ്പൂവിന്റെയും അക്ഷരങ്ങളുടെയും ദർശനം മറ്റൊരു ലോകമാരചിക്കുന്നതുപോലെ ചങ്ങമ്പുഴക്കവിതയും വേറൊരു ലോകം സൃഷ്ടിക്കുന്നു. ഇതുതന്നെയല്ലേ എല്ലാക്കവികളും അനുഷ്ഠിക്കുന്നതെന്നു ചിലർ ചോദിച്ചേക്കാം. 'അല്ല' എന്നാണ് ഉത്തരം. പലരുടെയും കാവ്യങ്ങൾ ആഖ്യാനപരങ്ങളാണ്. ഉദ്ബോധനാത്മകങ്ങളാണ്. വിവരണാത്മകങ്ങളാണ്. ഭൂമിയോടു മാത്രം അവ ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യസമുദായത്തെ അഭിവൃദ്ധിയിലേക്കു കൊണ്ടു ചെല്ലാൻ കവിതയെഴുതുന്നവരുണ്ട്. ജഗത്സംബന്ധീയങ്ങളായ ദർശനങ്ങളെ ആവിഷ്കരിക്കാൻ കവിത രചിക്കുന്നവരുണ്ട്. ധിഷണാ പരങ്ങളായ അത്തരം കർമ്മങ്ങളിൽ നിന്ന് അതിദൂരം അകന്ന് നില്ക്കുന്ന കവിയാണ് ചങ്ങമ്പുഴ. മറ്റൊരു തരത്തിൽ പറയാം. വിശുദ്ധമായ ഭാവാത്മകത്വം മാത്രമാണ് ചങ്ങമ്പുഴക്കവിതയിലുള്ളത്. പ്രചാരണാംശം കലർത്തി 'തുയിലുണർത്ത്'ലോ 'വാഴക്കുല'യോ നിർമ്മിക്കുമ്പോഴും കവി ചിന്തയിൽ ഭാവാത്മകതയുടെ ചേതോഹരമായ ദീപം കത്തിച്ചുകൊണ്ടാണ് സഞ്ചരിക്കുന്നത്. ഇക്കാര്യത്തിൽ ഈ കവിയെ സമീപിക്കാൻ വേറൊരു കവി കേരളത്തിലില്ല. ഞാൻ ലക്ഷ്യമാക്കുന്നത് ചങ്ങമ്പുഴ നിസ്തുലനായ ഭാവാത്മക കവിയാണ് എന്നത്രേ. 'ലിറിക്കും' 'ലിറിക്ക'ലും തമ്മിൽ വ്യത്യാസമുണ്ട്. ഭാവാത്മകത ഒന്ന്, ഭാവപരത വേറെ. ഒരു വികാരത്തെ നേർപ്പിച്ചു നേർപ്പിച്ചു കൊണ്ടുവന്നു ശുദ്ധവികാരമാക്കി മാറ്റുമ്പോഴാണു ഭാവഗീതത്തിന്റെ ജനനം. മറ്റുവികാരങ്ങൾ കാവ്യത്തിൽ സംക്രമിക്കുമ്പോൾ അതിനു ഭാവപരത മാത്രമേയുള്ളു. ചങ്ങമ്പുഴയുടെ 'മനസ്വിനി' ശുദ്ധമായ ഭാവഗീതമാണ്. വൈലോപ്പിള്ളിയുടെ കാവ്യങ്ങൾ ഭാവപരങ്ങളും. വിശുദ്ധങ്ങളായ ഭാവാത്മക കാവ്യങ്ങൾ അനുവാചകരെ സത്യത്തിന്റെ ലോകത്തേക്കു കൊണ്ടു ചെല്ലുന്നു. സത്യത്തിന്റെ ലോകം സൗന്ദര്യത്തിന്റെ ലോകമാണ്. ഒരു സംസ്കൃത ശ്ലോകത്തിന്റെ വ്യാഖ്യാനമോ വിവൃതിയോ വിശദീകരണമോ ആയ ഒരു കാവ്യഖണ്ഡം 'സ്പന്ദിക്കുന്ന അസ്ഥിമാട'ത്തിലുണ്ട്. താൻ മരിച്ചാൽ പഞ്ചഭൂതാത്മകമായ തന്റെ ശരീരത്തിന്റെ ഓരോ അംശവുമായി ചേരണമെന്ന അഭിലാഷം പ്രകടിപ്പിക്കുന്നു അത്. കേൾക്കുക.

> പഞ്ചഭൂതാഭിയുക്തമെൻ ഗാത്രം
> നെഞ്ചിടിപ്പറ്റടിയുമക്കാലം
> ആദിമൂലത്തിൽ വീണ്ടും തിരിച്ചെൻ
> ഭൂതപഞ്ചകം ചേരുന്ന നേരം
> ഉജ്ജ്വലാംഗിനിൻ ക്രീഡാ സരസ്സിൽ
> മജ്ജലാംശം ലയിച്ചിരുന്നെങ്കിൽ
> അത്തളിരെതിർപ്പൊൻ കുളിർക്കൈയിൽ
> തത്തിടും മണിത്താള വൃന്തത്തിൽ
> മത്തടിച്ചാർത്തു അദ്വാത ഭൂത
> മെത്തി നിന്നു ലസിച്ചിരുന്നെങ്കിൽ
> ഉദ്രസസ്വപ്ന സുസ്മേരയായ് നീ
> നിദ്ര ചെയ്യുമ പ്പൂമച്ചിനുള്ളിൽ
> പ്രേമ സാന്ദ്രത നിത്യം വഴിഞ്ഞെൻ
> വ്യോമഭൂതം ത്രസിച്ചിരുന്നെങ്കിൽ
> നിന്മണിമച്ചിൽ നിത്യം നിശയിൽ
> നിന്നിടും സ്വർണ്ണ ദീപനാളത്തിൽ
> ചെന്നണഞ്ഞു ചേർന്നെന്നനലാംശം
> മിന്നിമിന്നിജ്ജ്വലിച്ചിരുന്നെങ്കിൽ
> ദേവിനിൻ പദ സ്പർശനഭാഗ്യം
> താവി നിൽക്കുമപ്പങ്കാവനത്തിൽ
> വിദ്രുമ ദ്രുമച്ഛായയിൽ വീണെൻ
> മൃദ്വിഭാഗംശയിച്ചിരുന്നെങ്കിൽ

ഇതിൽ ചിന്തയുണ്ട്. ആ ചിന്ത പുഷ്പഹാരത്തിലെ പൂക്കളെ കോർത്തിരിക്കുന്ന വാഴനാരു മാത്രമാണ്. പൂക്കളെ മാത്രമേ നമ്മൾ കാണുന്നുള്ളൂ. പൂക്കളെ കാണുമ്പോൾ നമുക്ക് ആഹ്ലാദമുണ്ടാകുന്നു അപ്പോൾ വാഴനാരിനെക്കുറിച്ച് ഓർമ്മയേയില്ല. ഇതാണ് ഭാവാത്മകതയുടെ സവിശേഷത. ഭാവാത്മകതയിലൂടെ നമ്മൾ ഗൂഢാർത്ഥദ്യോതകമായ ഒരു ലോകത്തു പ്രവേശിക്കുന്നു. അവിടെ ആഹ്ലാദം അലതല്ലുന്നു. അതിൽ മുങ്ങി നിവരുമ്പോൾ നമുക്കു വിശ്രാന്തി, ആവർത്തിക്കട്ടെ. ചങ്ങമ്പുഴ കേരളത്തിലെ അദ്വിതീയനായ ഭാവാത്മകകവിയാണ്.

യേറ്റ്സ് ചോദിച്ചു.

> O body swayed to music.
> O brightening glance
> How can we know the
> dancer from the dance.

കാവ്യനർത്തകിയാര്, നൃത്തമേത് എന്നു വേർതിരിച്ചറിയാൻ വയ്യ ചങ്ങമ്പുഴയ്ക്കും. സുന്ദരി ചങ്ങമ്പുഴയുടെ കാല്പനിക ബിംബമാണ്. ഉത്കടവികാരത്തിനു വിധേയയായി ലയാത്മകമായി നൃത്തം ചെയ്യുന്ന സുന്ദരിക്കു ധിഷണാവിലാസമുണ്ടോ എന്നു നമ്മൾ ആലോചിക്കുന്നില്ല ചങ്ങമ്പുഴയും നൃത്തം ചെയ്യുന്ന കാവ്യദേവതയുടെ സൗന്ദര്യത്തിലും നൃത്തത്തിലും ആഹ്ലാദം കൊള്ളുന്നു. ഈ ആഹ്ലാദം അദ്ദേഹം ലയാത്മകമായ പദങ്ങളിലൂടെ അനുവാചകർക്കു പകരുന്നു.

ഓഈ കെൻസാബുറോ

യാസൂനാരി കാവാബാത്ത

നവീന ജാപ്പനീസ് സാഹിത്യം ആരിൽ സമാരംഭിക്കുന്നു എന്ന ചോദ്യത്തിന് ഉത്തരം നല്കാൻ വൈഷമ്യമുണ്ട്. 1968-ൽ സാഹിത്യത്തിനുള്ള നോബൽസമ്മാനം നേടിയ യാസൂനാരി കാവാബാത്തയിലാണ് നവീനത പുഷ്പിക്കുന്നതെന്നു പറഞ്ഞാൽ തെറ്റില്ല. അതേസമയം ജുനിചീറോ താനീസാക്കി, യൂക്കിയോ മിഷീമ, കോബോ ആബേ ഈ നോവലിസ്റ്റുകളും നവീനതയുടെ ഉദ്ഘോഷകരാണെന്നു പറയാം. ഓരോ സാഹിത്യകാരന്റെയും രചനകൾ ജാപ്പനീസ് സാഹിത്യത്തിന്റെ ചക്രവാളത്തെ വികസിപ്പിച്ചിട്ടുണ്ട്. എന്താണ് ജാപ്പനീസ് സാഹിത്യത്തിലെ നവീനത? ജപ്പാനിലെ സാഹിത്യത്തിനു സുശക്തമായ പാരമ്പര്യമുണ്ട്. ആ പാരമ്പര്യം ഷീക്കീബു മൂറാസാക്കിയുടെ അത്യുൽകൃഷ്ടമായ 'Tale of Genji' എന്ന നോവലിൽ ആരംഭിക്കുന്നു. മൂറാസാക്കിയുടെ പാരമ്പര്യമാണ് തന്റെയും പാരമ്പര്യമെന്നു കാവാബാത്ത സമ്മതിച്ചിട്ടുണ്ട്. എങ്കിലും പാശ്ചാത്യ സാഹിത്യത്തിന്റെ സ്വാധീനതയ്ക്ക് അദ്ദേഹവും മറ്റുള്ള നോവലിസ്റ്റുകളും വിധേയരായി. ഈ രണ്ടു ഘടകങ്ങളെയും സമഞ്ജസമായി സമ്മേളിപ്പിച്ചതിലാണ് ജാപ്പനിസ് സാഹിത്യത്തിന്റെ നവീനത നമ്മൾ കാണേണ്ടത്. താനീസാക്കിയിൽ പോ, വൈൽഡ്, ബോദലേർ ഈ പടിഞ്ഞാറൻ സാഹിത്യകാരന്മാരുടെ സ്വാധീനത കാണാം. ദസ്തെയെവ്സ്കിയുടെ ആധിപത്യമാണ് മിഷീമയുടെ കൃതികളിലുള്ളത്. കാഫ്കയുടെ അവലംബമില്ലാതെ കോബോ ആബേയ്ക്ക് ഒന്നുമെഴുതാൻ വയ്യ. എങ്കിലും ദാസ്യമനോഭാവമെന്നു പറയാൻ കഴിയാത്ത വിധം ഈ രണ്ടംശങ്ങളെയും ഇവർ യോജിപ്പിച്ചിരിക്കുന്നതുകൊണ്ട് ഓരോ കൃതിയും മൗലികതയുടെ പ്രകാശം പ്രസരിപ്പിക്കുന്നു. കാവാബാത്തയുടെ 'Snow Country'. മിഷീമയുടെ 'The Sea of Fertility', താനീസാക്കിയുടെ 'Diary of a Mad Old Man', കോബോ ആബേയുടെ 'The Woman in the Dunes' ഈ നോവലുകൾ പാരമ്പര്യാധിഷ്ഠിതങ്ങളാണ്: അതേസമയം പടിഞ്ഞാറൻ സാഹിത്യത്തിന്റെ സ്വാധീനതയിൽ പെട്ടവയുമാണ്. ഇവിടെപ്പറഞ്ഞ ഈ സവിശേഷതയാൽ അനുഗൃഹീതമാണ് ഈ മാസം 13-ന-നോബൽ സമ്മാനം നേടിയ ഓഈ കെൻസാബൂറോയുടെ നോവലുകളും ചെറുകഥകളും. 1935-ൽ, ജപ്പാന്റെ വടക്കുകിഴക്കേ ഭാഗത്തുള്ള ഏറ്റീമേയിൽ ഇദ്ദേഹം ജനിച്ചു 1957-ൽ പ്രസിദ്ധപ്പെടുത്തിയ The Extravagance of the Dead എന്ന കൃതിക്ക് 'ആക്കുത്താഗാവാ സമ്മാനം' ലഭിച്ചതോടെ കെൻസാബൂറോ ജപ്പാനിലെങ്ങും അറിയപ്പെട്ട സാഹിത്യകാരനായി. 'Personal Matter', 'Silent cry' ഇവയുടെ പ്രസാധനം അദ്ദേഹത്തിന് രാഷ്ട്രന്തരീയ പ്രശസ്തി നേടിക്കൊടുത്തു. ഇപ്പോൾ നോബൽസമ്മാനവും. മഹാനായ ഈ സാഹിത്യകാരനെക്കുറിച്ച് യൂക്കിയോ മിഷീമ പറഞ്ഞത് ഓർമ്മിക്കേണ്ടതാണ്.

ജുനിചീറോ താനീസാക്കി

Sealed in the test-tubes of the laboratory of the school of attraction for our first three extracts, our reader will breathe the free air of the outside world of social and historical relationships in the next choice. Even so, the outside world in this instance is one thoroughly recoloured and reconstituted by the forceful individuality of the author, Oe Kenzaburo in 'The Catch': As a young writer in his thirties, Oe is representative of Japanese youth, and his rich talent is already widely acknowledged internationally as a result of translations of 'An Individual Experience' and other novels.

ഏതാണ്ട് മുപ്പതു വർഷം മുൻപുതന്നെ മിഷീമ ഇന്നത്തെ നോബൽ സമ്മാനാർഹന്റെ മഹത്ത്വം മനസ്സിലാക്കി. 'സുശക്തമായ വ്യക്തിത്വം', 'സമ്പന്നമായ പ്രതിഭ' ഇവയൊക്കെയാണ് അദ്ദേഹം കെൻസാബൂറോയുടെ രചനകളിൽകണ്ടത്. വിശേഷിച്ചും 'The Catch' എന്ന നോവ്ലെറ്റിൽ 'ബന്ധനസ്ഥനാക്കപ്പെട്ട കുറ്റവാളി'–The Catch–എന്ന ദീർഘമായ കഥയെക്കുറിച്ചാവട്ടെ ഇവിടത്തെ പ്രതിപാദനം. നോവലുകൾ വിസ്തരിച്ചുള്ള പ്രതിപാദനം അർഹിക്കുന്നതുകൊണ്ടും ഇക്കഥ കെൻസാബൂറോയുടെ രചനയുടെ സവിശേഷതകൾ പ്രദർശിപ്പിക്കുന്നതുകൊണ്ടും കഥാവിമർശനം പര്യാപ്തമാകുമെന്നാണ് ഈ ലേഖകന്റെ വിചാരം.

യൂക്കിയോ മിഷീമ

ഒരു ശ്മശാനത്തിന്റെ വർണ്ണനത്തോടു കൂടിയാണ് കഥയുടെ തുടക്കം. അതു പറയുന്നത് ഒരു സ്കൂൾ വിദ്യാർത്ഥിയാണ്. അവൻ രണ്ടുദിവസം മുൻപു കണ്ട കാഴ്ച ഭീതിദമായിരുന്നു. ഗ്രാമത്തിലെ ഒരു സ്ത്രീയുടെ മൃതദേഹം ദഹിപ്പിക്കുകയായിരുന്നു. പ്രായംകൂടിയ അനേകം കാലുകളുടെ നിരയ്ക്കിടയിലൂടെ അവൻ നോക്കിയപ്പോൾ പട്ടടയിൽവച്ച ശവത്തിന്റെ നഗ്നമായ വയറ് ശൂന്യാകാശത്തിലേക്ക് ഉയർന്നുനില്ക്കുന്നതു കണ്ടു. സഹോദരന്റെ കൈയ്യിൽ പിടിച്ചുകൊണ്ട് അവൻ വേഗം നടന്നുകളഞ്ഞു. മരിച്ചയാളിന്റെ ഗന്ധം അവന്റെ നാസാരന്ധ്രങ്ങളിലേക്കു കയറി; ചില വണ്ടുകളെ വിരലുകൾക്കിടയിൽവച്ചു ഞെരിച്ചാലുണ്ടാകുന്ന നാറ്റംപോലെയൊരു നാറ്റം. ഇങ്ങനെ ഏതാനും വാക്യങ്ങൾ കൊണ്ടു കഥയുടെ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് കെൻ-സാബൂറോ പ്രധാനപ്പെട്ട വിഷയത്തിലേക്കു ചെല്ലുന്നു. അവിശ്വസനീയമായ വലിപ്പമുള്ള ഒരു വിമാനം ഭയം ജനിപ്പിക്കുന്ന വേഗത്തിൽ കടന്നുപോയി. 'അതാ ശത്രുവിമാനം' എന്ന് മറ്റൊരു ബാലൻ വിളിച്ചു പറഞ്ഞു. 'ശത്രു വന്നുകഴിഞ്ഞു' എന്ന് അവൻ വീണ്ടും. പ്രഭാതമായപ്പോൾ കാതടപ്പിക്കുന്ന ശബ്ദം കഥ പറയുന്നവനും മറ്റുള്ളവരും കേൾക്കുകയായി. ശത്രുവിമാനം ഫിർവനത്തിൽ തകർന്നുവീണ ശബ്ദമായിരുന്നു അത്. ശത്രുഭടന്മാർ എങ്ങനെയിരിക്കുമെന്ന് അറിയാൻ ഒരു ബാലന് ആഗ്രഹം. വിദേശികളായ വൈമാനികർ ദേവദാരുമരങ്ങളുടെമുകളിൽ തങ്ങിക്കൊണ്ട് തന്നെയും മറ്റുള്ളവരെയും നോക്കുന്നുണ്ടെന്ന് കഥ പറയുന്ന ബാലൻ വിചാരിച്ചു. പക്ഷേ, അതൊന്നുമില്ല. വിമാനത്തിലെ രണ്ടുപേർ കത്തിയെരിഞ്ഞുപോയി. ഒരുത്തൻ—കറുത്ത തടിയൻ—പാരഷൂട്ടിന്റെ സഹായത്തോടെ താഴേക്കു പോന്നു. അയാൾ തന്നെയാണ് ബന്ധനസ്ഥനാക്കപ്പെട്ട കുറ്റവാളി. 'അവൻ നീഗ്രോ. യഥാർത്ഥത്തിൽ നീഗ്രോ' എന്ന് എല്ലാവരും ഉച്ചത്തിൽപ്പറഞ്ഞു. സായാഹ്നസമയത്താണ് ഗ്രാമീണർ അയാളെ ദേവദാരു മരങ്ങളുടെ വനത്തിൽ കണ്ടത്. ലജ്ജയില്ലാതെ. ഔചിത്യമില്ലാതെ അയാൾ അല്പമകലെനിന്നു വളരെനേരം മൂത്രമൊഴിച്ചത് ഗ്രാമീണരെ അമ്പരപ്പിച്ചു. നീഗ്രോ ഗ്രാമത്തിലുള്ളവരുടെ തടവുകാരനായി. അയാളെ പൊലീസിൽ ഏല്പിക്കുന്നത് പിന്നീടാവട്ടെ എന്നാവാം അവരുടെ വിചാരം നീഗ്രോഭടനെ മൃഗത്തെപ്പോലെ അവർ ബന്ധനസ്ഥനാക്കി താടി കാൽമുട്ടിൽചേർത്തു

കോബോ ആബേ

രക്തരൂഷിതങ്ങളായ കണ്ണുകളോടെ നീഗ്രോ തടവറയിൽ ഇരിക്കും. ബാലന്റെ അച്ഛൻ തോക്കു ചൂണ്ടിക്കൊണ്ട് അയാൾക്കു ഭക്ഷണം കൊടുക്കും എന്തൊരാർത്തിയോടെയാണ് കുറ്റവാളി അതൊക്കെ വലിച്ചുവാരി തിന്നുന്നത്! ദിവസങ്ങൾ കഴിയുന്തോറും ഗ്രാമീണരുടെ കോപം കുറഞ്ഞുകുറഞ്ഞു വന്നു. നീഗ്രോ വടിവൊത്ത പല്ലുകൾ കാണിച്ചു ചിരിച്ചു. അവരോടൊത്തു കളിച്ചു. ഗ്രാമീണരോടൊത്ത് അയാൾ നടത്തം തുടങ്ങി. നീരുറവയിൽച്ചെന്നു കളിച്ചു. വെള്ളം തെറ്റിയൊഴിച്ചു കളിച്ചു. അങ്ങനെയിരിക്കെ ഗ്രാമീണരിൽ ഒരുവൻ പറഞ്ഞു നീഗ്രോയെ പൊലീസിൽ ഏല്പിക്കാൻ പോകുന്നുവെന്ന്. അതറിഞ്ഞപ്പോൾ കഥ പറയുന്ന കുട്ടിക്കു സങ്കടം. നീഗ്രോയെ പൊലീസിന് വിട്ടുകൊടുത്താൽ ഗ്രാമത്തിൽ പിന്നെ എന്തവശേഷിക്കും?; ഉഷ്ണകാലത്തിന്റെ ഒഴിഞ്ഞ തോടല്ലാതെ. ബാലൻ സ്നേഹപൂർവം നീഗ്രോയുടെ അടുക്കലെത്തി അയാളുടെ തോള് പിടിച്ചു കുലുക്കി. അയാൾ പൊടുന്നനെ ചാടിയെഴുന്നേറ്റ് വന്മരമെന്നപോലെ അവന്റെ മുൻപിൽ ഉയർന്നുനിന്നു. ബാലനെ അയാൾ കശക്കി. കഴുത്തു ഞെക്കിക്കൊല്ലാനുള്ള യത്നം. ജനക്കൂട്ടത്തിൽനിന്ന്, അവന്റെ അച്ഛൻ വെട്ടുകത്തിയുമായി പാഞ്ഞുകയറി. നീഗ്രോയുടെ തലയിൽ ഒറ്റവെട്ട്. അയാളുടെ പിടിയിലമർന്നിരുന്ന ബാലൻ രക്ഷപ്പെട്ടു. അവന്റെ കൈ ഒടിഞ്ഞുപോയെങ്കിലും ജീവൻ നഷ്ടപ്പെട്ടില്ല. ഗ്രാമീണർ ചിതയൊരുക്കി. സംഘട്ടനത്തിനിടയിൽപ്പെട്ട് ഒരു കൃത്രിമക്കാലുള്ള 'ക്ളാർക്കും' മരണമടഞ്ഞു. നീഗ്രോയെ ദഹിപ്പിക്കാൻ തേടിയെടുത്ത തടിക്കഷണങ്ങൾകൊണ്ട് അയാളെയും ദഹിപ്പിച്ചേക്കാമെന്നു ബാലൻ വിചാരിച്ചു. കഥ അവസാനിക്കുന്നു. 'With tear-filled eyes, I looked up at the narrow white stretch of sky where twilight still lingered, then set off, down the field in search of my brother.'

ഓഈ കെൻസാബൂറോ

പെസിഫിക് യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഈ നീണ്ടകഥ ജപ്പാന്റെ രണോത്സികതയെയാകെ ആവിഷ്കരിക്കുന്നു. ആ സമരാസക്തി അവർക്കുണ്ടാക്കിയത് അവർതന്നെയാണോ അതോ പടിഞ്ഞാറൻ രാജ്യങ്ങളോ? അറിവില്ല. പക്ഷേ, ദീർഘകാലമായി അതു നിലനില്ക്കുന്നു. അവർ ശത്രുക്കളെ നിഗ്രഹിക്കും. അവലംബമില്ലെന്നു കണ്ടാൽ സ്വയം ജീവനൊടുക്കും. ജനങ്ങളുടെ നേതാവായ ധൈഷണിക മണ്ഡലത്തിലെ നായകനായ ആക്കുത്താഗാവാ ആത്മഹത്യ ചെയ്തു. വേറൊരു മഹാനായ സാഹിത്യകാരൻ യൂക്കിയോ മിഷീമ വയറുകീറി ആത്മഹനനം നടത്തി. ജീവൻ പോകുന്നില്ലെന്നു കണ്ടപ്പോൾ മിഷീമയുടെ സ്നേഹിതൻ ആ യത്നത്തിനു സമ്പൂർണ്ണത നല്കി സ്വന്തം വാളുകൊണ്ട്. അന്യഹനനത്തിലും ആത്മഹനനത്തിലും തൽപരരായ ജപ്പാൻ ജനതയുടെ രണോത്സുകത ഓഈ കെൻസാബൂറോയുടെ ഈ കഥയിലും പ്രതിഫലിക്കുന്നു. തങ്ങളുടെ വീര്യം കെടുത്താൻ ജപ്പാൻ ജനത ആരെയും സമ്മതിക്കില്ല. കുട്ടികൾ അവരുടെതായ നിഷ്കളങ്കതകൊണ്ടു ശത്രുവിനെ മിത്രമായി കരുതിയെങ്കിലും ശത്രുവിന്റെ പക അവന്റെയുള്ളിൽ ഒതുങ്ങിയിരിക്കുകയായിരുന്നു. താൻ വധിക്കപ്പെടുമെന്നു കണ്ടപ്പോൾ അയാൾ കുട്ടിയെപ്പോലും കൊല്ലാൻ തയ്യാറായി തലയിൽ വെട്ടേറ്റ് അയാൾക്കു മരിക്കേണ്ടതായി വന്നു. ആക്രമണകാരിയെ മനുഷ്യത്വത്തോടു വീക്ഷിക്കാൻ ജപ്പാൻ ജനതയ്ക്കറിയാം. പക്ഷേ, അയാൾ ആക്രമണോത്സുകനായാൽ അവർ കണ്ടുനില്ക്കില്ല. ജപ്പാന്റെ ആത്മവീര്യം എപ്പോഴും ജ്വലിച്ചു കൊണ്ടിരിക്കും എന്ന് കെൻസാബൂറോയും പ്രഖ്യാപിക്കുന്നു.

കഥ പറയുകയല്ല പ്രതിഭാശാലികളായ എഴുത്തുകാർ. അവർ സംഭവങ്ങൾ കാണിച്ചു തരികയാണ്. ദൃഷ്ടിഗതങ്ങളായ ആ സംഭവങ്ങളിലൂടെയാണ് മുകളിൽപ്പറഞ്ഞ സമരോത്സുകത ഒരു ഉപോൽപന്നമായി രൂപം കൊള്ളുന്നത്. കെൻസാബൂറോയുടെ ആഖ്യാനം ഒരു നാടകീയ ഘടനയിലൂടെ വിരാജിക്കുന്നു. കഥ വായിക്കുമ്പോൾ പാരായണം നിർവഹിക്കുന്നു എന്ന തോന്നൽ നമുക്കുണ്ടാവില്ല. നമ്മൾ ഓരോ സംഭവവും കാണുന്നതേയുള്ളൂ. മിഷീമ അദ്ദേഹത്തെക്കുറിച്ചു പറഞ്ഞ വേറൊരു വാക്യം എടുത്തെഴുതിക്കൊണ്ട് ഞാനിത് അവസാനിപ്പിക്കാം. 'Already a prolific writer, Oe's thorough command of sensual imagery, his highly evocative poetic style and his humorous deformation of reality have made him the idol of Japanese youth' ജപ്പാന്റെ തലമുറയുടെ മാത്രമല്ല ലോകജനതയുടെയാകെ ആരാധനാവിഗ്രഹമായി മാറിയിരിക്കുന്നു കെൻസാബൂറോ.

രക്തത്തിന്റെ ഗന്ധം—സ്നേഹത്തിന്റെ പരിമളം

'സമ്പത്തിനെ സംബന്ധിച്ച അനീതിലോകത്തുണ്ടായിരിക്കുന്നിടത്തോളം കാലം ജനതയ്ക്കു സ്പഷ്ടമായി ചിന്തിക്കാൻ കഴിയുകയില്ല. ഞാൻ അതിനെ അങ്ങനെയാണ് കാണുന്നത്. രണ്ടുപേർ നദീതീരത്തുടെ നടക്കുകയാണ്. അവരിലൊരാൾ ധനികൻ, മറ്റേയാൾ ദരിദ്രൻ. ഒരാൾക്കു നിറഞ്ഞ വയർ. മറ്റേയാൾ കോട്ടുവായിട്ട് അന്തരീക്ഷത്തെ മലിനമാക്കുന്നു. ധനികൻ പറയുകയാണ്: 'ജലത്തിൽ എന്തൊരു മനോഹരമായ കൊച്ചുവള്ളം! കരയിൽ വിടർന്നുനില്ക്കുന്ന ലില്ലിപ്പൂവിനെ നോക്കൂ.' പാവപ്പെട്ടവൻ വിലപിക്കുന്നു: 'എനിക്കു വിശക്കുന്നു, അത്രയ്ക്കു വിശക്കുന്നു.' തീർച്ചയാണ്. വിശപ്പ് എല്ലാക്കാലത്തേക്കുമായി ഇല്ലാതാക്കപ്പെടുന്ന ദിവസം ലോകം കണ്ട ഏറ്റവും വലിയ ആധ്യാത്മികസ്ഫോടനം ഉണ്ടാകും. മഹാവിപ്ലവം വരുമ്പോൾ ഉണ്ടാകാൻ പോകുന്ന ആഹ്ലാദത്തെക്കുറിച്ചു നമുക്കു സങ്കല്പിക്കാനേ സാദ്ധ്യമല്ല. ഞാൻ യഥാർത്ഥസമത്വവാദിയായി സംസാരിക്കുകയാണ്. അല്ലേ?'

ലൊർക

സ്പെയിനിലെ നിസ്തുലനായ കവിയും നിസ്തുലനായ നാടകകർത്താവുമായ ലൊർക (Lorca 1898–1936) ഒരു സ്നേഹിതനോടു പറഞ്ഞതാണിത്. 1936-ൽ അദ്ദേഹത്തെ ഫാസ്സിസ്റ്റുകൾ വെടിവച്ചു കൊന്നു. തന്റെ അതിസുന്ദരങ്ങളായ നാടകങ്ങളിലും അസദൃശങ്ങളായ കാവ്യങ്ങളിലും രാഷ്ട്ര വ്യവഹാരത്തിന്റെ ഒരു സൂചന പോലും നല്കാത്ത അദ്ദേഹം ധീരതയോടാണെങ്കിലും ദൗർഭാഗ്യത്താൽ 'Ballad of The Spanish Civil Guard' എന്നൊരു കാവ്യം രചിച്ചു. അതിന്റെ തുടക്കമിങ്ങനെ.

> 'The horses are black.
> Black are the horses
> Ink and wax Stains
> Shine on their Cloaks'
> 'They have Skulls of lead
> This is why They do not weep
> With their patent leather souls
> They come along the road.'

ഈ ബാലഡാണ്, കഥാഗീതമാണ് ലൊർകയുടെ മരണത്തിനു ഏക ഹേതുവെന്നു പറയാൻ വയ്യ. എങ്കിലും അതു അന്തിമ ഹേതുവായി പരിണമിച്ചു എന്നതു സത്യംതന്നെ. ലൊർകയെ വെടിവച്ചു കൊല്ലുന്നതു കാണാൻ നിർബ്ബന്ധിക്കപ്പെട്ട ഒരു ജേണലിസ്റ്റ് (Vicente Vidal Corella എന്ന് അദ്ദേഹത്തിന്റെ പേര്) 'The Gime was in granada I witnessed the assassination of Garcia Lorca' എന്നൊരു ലേഖനമെഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നു. 'എന്നിട്ട് അദ്ദേഹം (ലൊർക) സംസാരിച്ചു. ഉറപ്പോടുകൂടി സ്ഥിരതയാർന്ന ശബ്ദത്തിൽ ലൊർക സംസാരിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ ദൗർബ്ബല്യം കാണിച്ചില്ല, മാപ്പു ചോദിച്ചതുമില്ല. ലൊർക താൻ എപ്പോഴും സ്നേഹിച്ച സ്വാതന്ത്ര്യമെന്നതിനെ പരിരക്ഷണം ചെയ്യുന്ന പുരുഷത്വമാർന്ന വാക്കുകളായിരുന്നു അവ. ജനങ്ങളുടേതും തന്റേതുമായ ലക്ഷ്യത്തെയും കിരാതത്വത്തിനും കുറ്റങ്ങൾക്കുമെതിരായി അവർ ചെയ്യുന്ന നന്മയാർന്ന പ്രവർത്തനങ്ങളെയും അദ്ദേഹം പ്രശംസിച്ചു. വികാരത്തിന്റെ അഗ്നിയോടുകൂടി പറയപ്പെട്ട ആ വാക്കുകൾ തോക്കുകൾ പിടിച്ചുനിന്ന അവരിൽ വല്ലാത്ത ആഘാതമേല്പിച്ചു. എനിക്കാണെങ്കിൽ അവ തലച്ചോറിനകത്ത് കത്തിക്കാളിയ, കടന്നുകയറിയ പ്രകാശമായിരുന്നു. കവി സംസാരിച്ചുകൊണ്ടേയിരുന്നു. പക്ഷേ, അദ്ദേഹം നിറുത്തിയില്ല. ഭയജനകമായത്, രാക്ഷസീയമായത്, കുറ്റകരമായതു ഉണ്ടായി. ലഫ്റ്റനന്റ് മെദീന പേടിപ്പിക്കുന്ന ശാപവചനങ്ങൾ ഉറക്കെയുച്ചരിച്ചുകൊണ്ട് വെടിവച്ചു. കവിക്കെതിരേ പ്രവർത്തിക്കാൻ സിവിൽഗാർഡുകളോട് ആജ്ഞാപിച്ചു. ആ ദൃശ്യം ഞെട്ടിപ്പിക്കുന്നതായിരുന്നു തോക്കിന്റെ മൂട്ടുകൊണ്ട് അദ്ദേഹത്തെ ചതച്ചും അദ്ദേഹത്തിന്റെ നേർക്കു വെടിവച്ചും അവർ അദ്ദേഹത്തിന്റെ മേൽ ചാടിവീണു. (ആ കാഴ്ചകണ്ടു ഞങ്ങളിൽ ചിലർ ഭയംകൊണ്ടു ഞെട്ടിനില്ക്കുകയായിരുന്നു) ലൊർക ഓടി. വെടിയുണ്ടകളുടെ വർഷം അദ്ദേഹത്തിനു പിറകേ. നൂറുഗജമകലെ ലൊർക വീണു. അദ്ദേഹത്തിന്റെ കഥകഴിക്കാൻ അവർ അടുത്തുചെന്നു. പക്ഷേ, ലൊർക രക്തമൊഴിക്കിക്കൊണ്ടു വീണ്ടും എഴുന്നേറ്റുനിന്നു. ഭയജനകങ്ങളായ കണ്ണുകൾകൊണ്ടു അവരെ തുറിച്ചു നോക്കി. സിവിൽഗാർഡുകൾ പേടിച്ചു പിറകോട്ടുമാറി. അവരെല്ലാവരും കാറ്റുകളിൽ കയറി. ലഫ്റ്റനന്റ് മാത്രമേ തോക്കുമായി നിന്നുള്ളു. ലൊർക അവസാനമായി കണ്ണുകളടച്ച് തന്റെ രക്തംകൊണ്ടുകുതിർന്ന മണ്ണിലേക്കു വീണു. മെദീന വേഗത്തിൽ മുന്നോട്ടുവന്ന് പാവപ്പെട്ട ലൊർകയുടെ ശരീരത്തിലേക്ക് മൂന്നു ചുറ്റു വെടിയുണ്ടകൾ പായിച്ചു. അവർ കവിയെ അവിടെ ഉപേക്ഷിച്ചു. സംസ്കരിക്കാതെ: ഗ്രാനാഡയ്ക്കു വെളിയിൽ. ലൊർകയുടെ ഗ്രാനാഡ.'

ഫാസ്സിസ്റ്റായ ഫ്രാങ്കോയാണ് പ്രതിഭാശാലികളിൽ പ്രതിഭാശാലിയായ ലൊർകയെ നിഗ്രഹിപ്പിച്ചത്. രക്തമൊഴുകുന്ന രാജ്യം സ്പെയിൻ. അതുകൊണ്ടാണു ചോരയുടെ ഗന്ധം അദ്ദേഹത്തിന്റെ പല രചനകളിൽ നിന്നും ഉയരുന്നത് 'രക്ത'വിവാഹം—Blood wedding എന്ന നാടകം നോക്കുക. രക്തപ്രവാഹത്തെ ചിത്രീകരിച്ചിട്ട് മനുഷ്യത്വത്തിന്റെ നാദമുയരേണ്ടതിന്റെ ആവശ്യകതയെ നാടകകർത്താവ് അഭിവ്യഞ്ജിപ്പിക്കുന്നു. മഞ്ഞച്ചായമടിച്ച ഒരു മുറിയിലാണു നാടകത്തിന്റെ ആരംഭം. വിവാഹിതനാകാൻ പോകുന്ന മകൻ പേനാക്കത്തി ചോദിക്കുമ്പോൾ അമ്മ പേടിക്കുന്നു തോക്കുകളെ മാത്രമല്ല കൊച്ചു പേനാക്കത്തികളെയും അവർക്കു പേടിയാണ്. ആ പേടിക്കു കാരണമുണ്ട് രക്തമൊഴുകിയ ഒരു ലഹളയിൽ അവരുടെ ഭർത്താവും മൂത്ത മകനും മരിച്ചു. വരനായ രണ്ടാമത്തെ മകൻ പേനാക്കത്തി ചോദിക്കുമ്പോൾ അവർ പേടിക്കാതിരിക്കുന്നതെങ്ങനെ? കുടുംബത്തിലെ രണ്ടു മരണങ്ങൾക്കു കാരണക്കാർ ലേയോനാർതോ ഫേലിക്സ് കുടുംബത്തിലെ അംഗങ്ങൾ തന്നെ ആ കുടുംബത്തിൽപ്പെട്ട ലേയോനാർതോയുടെ പൂർവ്വ കാമുകിയാണ് വധു. അവൾ ചാരിത്ര ശാലിനിയാണെന്ന് അമ്മയെ സമാധാനിപ്പിച്ചിട്ട് മകൻ—വരൻ—പോകുന്നു.

ഇളം ചുവപ്പു ചായമടിച്ച മുറിയിൽ ലേയോനാർതോയുടെ ഭാര്യയും കുഞ്ഞും ഭാര്യയുടെ അമ്മയും ഇരിക്കുന്നതു കാണിച്ചു കൊണ്ടാണ് രണ്ടാം രംഗത്തിന്റെ ആരംഭം. പൂർവ്വ കാമുകിയെ ഉപേക്ഷിച്ചിട്ട് ലെയോനാർതോ വേറൊരുത്തിയെ വിവാഹം കഴിച്ച് സന്തത്യൽപാദനവും നടത്തിയിരിക്കുന്നു. കുഞ്ഞിനെ താരാട്ടു പാടി ഉറക്കുകയാണ് ലേയോനാർതോയുടെ അമ്മായിയും ഭാര്യയും. വിഷം കലർന്ന നദിയിലെ വെള്ളം കുടിച്ച് ഒരു കുതിര മരിക്കുന്നതാണ് താരാട്ടിന്റെ ഉള്ളടക്കം. 'എന്റെ കൊച്ചു പനിനീർപ്പൂവേ ഉറങ്ങൂ കുതിര ഇപ്പോൾ കരയാൻ തുടങ്ങുന്നു' എന്ന പാട്ടിന്റെ അന്ത്യം. വരന്റെയും വധുവിന്റെയും വിവാഹത്തിനു വേണ്ടി പലതും വാങ്ങിയെന്ന് അറിയുന്ന ലേയോനാർതോ കോപിക്കുന്നു.

വധുവിന്റെ വീട് ഒരു ഗുഹയാണ്. അവിടെ വരനും അയാളുടെ അമ്മയും വധുവിന്റെ അച്ഛനും കൂടി വിവാഹത്തീയതി തീരുമാനിച്ചു. അവർപോയതിനു ശേഷം പരിചാരികയും വധുവും കൂടി സംസാരിച്ചു തലേദിവസം രാത്രി കുതിരയുടെ കുളമ്പടി ശബ്ദം പരിചാരിക കേട്ടു പോലും. പെട്ടെന്ന് കുതിരയുടെ ശബ്ദം കേട്ടു. പരിചാരിക ജനലിൽച്ചെന്നു നോക്കിയിട്ടു വധുവിനോടു പറഞ്ഞു 'നോക്കൂ! ഇവിടെ വരൂ! അയാളായിരുന്നോ അതു?' വധു മറുപടി നല്കി: 'അതേ, അയാൾ തന്നെ.'

വധുവിന്റെയും വരന്റെയും വിവാഹം കഴിഞ്ഞു. അതിനുശേഷമുള്ള ആഘോഷങ്ങൾക്കിടയിൽ വധുവും ലേയോനാർതോയും അപ്രത്യക്ഷരായി. അടുത്ത രംഗത്തിൽ മൂന്നു മരം വെട്ടുകാരെയും കാണാം. മരണത്തിന്റെ പ്രതിരൂപമായ ഒരു ഭിക്ഷക്കാരിയുമുണ്ട്. ഭിക്ഷക്കാരി ചന്ദ്രനോടു പറഞ്ഞു: 'ഉടുപ്പിനെ പ്രകാശിപ്പിക്കൂ. കുടുക്കുകൾ ഊരൂ. എന്നാലേ കത്തികൾക്കു അവയുടെ മാർഗ്ഗം അറിയാനാവൂ.' പലായനം ചെയ്തവരെ അന്വേഷിച്ചെത്തിയവരുടെ നേതാവ് വരൻ തന്നെ. അയാളും ലേയോനാർതോയും അന്യോന്യം കത്തിക്കുത്തേറ്റു മരിച്ചു. നാടകം അവസാനിക്കുകയാണ്, അമ്മയുടെ വിലാപത്തോടു കൂടി:

> Neighbours: with a knife
> With a small knife
> On a day appointed
> between two and three
> The two men killed each
> other for love.

സിംബലിസം, സറിയലിസം, കാമോത്സുകത, മരണാഭി വാഞ്ഛ ഇവയെയെല്ലാം കലാപരമായി സങ്കലനം ചെയ്ത് അന്യാദൃശമായ ഒരു കാവ്യനാടകം രചിച്ചിരിക്കുകയാണു ലൊർക. സിംബലിസത്തിന്റെ—പ്രതിരൂപാത്മകത്വത്തിന്റെ—പ്രധാന ഘടകം കുതിര തന്നെ. പടിഞ്ഞാറൻ സങ്കല്പമനുസരിച്ച് കുതിര തീക്ഷ്ണങ്ങളായ വികാരങ്ങൾക്കും ജന്മവാസനകൾക്കും പ്രാതിനിധ്യം വഹിക്കുന്നു. മനുഷ്യന്റെ അധമവാസനകളുടെ പ്രതിരൂപമായി കുതിരയെ മനഃശാസ്ത്രജ്ഞനായ യുങ് ദർശിച്ചിട്ടുണ്ടെന്ന് ഓർമ്മ എന്നോടു പറയുന്നു. താരാട്ടു പാടുന്ന അമ്മായി വിഷം കലർന്ന വെള്ളം കുടിക്കുന്ന കുതിരയെക്കുറിച്ചു പറയുന്നതിൽ നിന്ന് വരാനിരിക്കുന്ന ലൈംഗിക ദുരന്തത്തിന്റെ പ്രതീതി വായനക്കാർക്കു ഉണ്ടാകുന്നു.

> 'There the water's oh so black
> Where the trees grow thick and strong
> When it flows down to the bridge
> There it stops and sings its song'

തന്റെ ചോരവീണു കുതിർന്ന മണ്ണിൽ മരിച്ചുവീണ ലൊർക ചോരയെ നാടകത്തിൽ പ്രതിരൂപമാക്കിയതിൽ എന്തേ അദ്ഭുതം!

റ്റോമസ്മാൻ

'മദ്യശാലയ്ക്കു അകത്തേക്കും പുറത്തേക്കും മരണം പോകുന്നു. സാരംഗിയുടെ അഗാധങ്ങളായ പാതകളിലൂടെ കറുത്ത കുതിരകളും ദുഷ്ടന്മാരും ചലനം കൊള്ളുന്നു. സമുദ്രതീരത്തുള്ള ജ്വരാർത്തങ്ങളായ റ്റൂബ്റോഡുകളിൽ ഉപ്പിന്റെയും സ്ത്രീയുടെയും ഗന്ധം. മരണം അകത്തേക്കു പോകുന്നു. വെളിയിലേക്കു പോകുന്നു. മദ്യശാലയുടെ മരണം വെളിയിലേക്കും അകത്തേക്കും പോകുന്നു' ലൊർകയുടെ ഈ കാവ്യത്തിൽ മരണത്തെയും രക്തത്തെയും കൂട്ടിച്ചേർത്തിരിക്കുന്നു. ജലം ജീവന്റെ പ്രതീകമാണ് അതിന്റെ ചലനാത്മകതയാൽ. എന്നാലതു കട്ടിപിടിച്ചാൽ മഞ്ഞുകട്ടയായി. ശൈത്യംകൊണ്ട് അതു മരണത്തിന്റെ സിംബലായിമാറുന്നു റ്റോമസ്മാൻ എന്ന ജർമ്മൻ നോവലിസ്റ്റ് 'Magic Mountain' എന്ന നോവലിൽ മഞ്ഞുകട്ടയെ മരണത്തിന്റെ പ്രതിരൂപമാക്കിയിരിക്കുന്നു. ലൊർകയ്ക്ക് രക്തം മരണത്തിന്റെ പ്രതിരൂപമാണ്. ആ പ്രതിരൂപം കൊണ്ട് ഒരു ഭാവാത്മക മണ്ഡലം സൃഷ്ടിക്കുകയാണ് 'രക്തവിവാഹം' എന്ന നാടകത്തിൽ. നാടകത്തിലെ കഥാപാത്രമായ ചന്ദ്രൻ മരക്കൊമ്പുകളോടു പറയുന്നു.

> 'I don't want Shadows. My rays
> Must enter every where,
> And let there be among dark trunks
> A murmur of gleaming light
> So that tonight there'll be
> Red blood to fill my cheeks.'

ചന്ദ്രന്റെ അഭിലാഷംപോലെ red blood—ചുവന്ന ചോര—ഒഴുകി. മരണം ജയിച്ചു. കത്തി തീരെച്ചെറുത്. ചെറുതായതുകൊണ്ട് കൈയിൽപോലും അത് ഒതുങ്ങുകയില്ല പക്ഷേ, അതു രണ്ടുപേരെ മരണത്തിലേക്കു കൊണ്ടുചെന്നു. അവരുടെ ചുണ്ടുകൾ മഞ്ഞനിറമായി എന്നു വധു നാടകത്തിന്റെ അവസാനത്തിൽ പറയുന്നു. കൈയിലൊതുങ്ങുകില്ലെങ്കിലും മാംസത്തിലൂടെ അത് ഭംഗിയായി താണിറങ്ങുമെന്ന് അമ്മയും. എങ്കിലും അവർ വിഷാദത്തിലേക്കു വീഴുന്നില്ല ഗോതമ്പുചെടികൾക്കു താഴെ എന്റെ മക്കൾ കിടക്കുന്നതുകൊണ്ട് ചെടികൾക്കു ധന്യത. മരിച്ചവരുടെ മുഖങ്ങളിൽ വീഴുന്നതുകൊണ്ടു മഴയ്ക്കു ധന്യത. ഈശ്വരൻ നമ്മളെ അടുത്തടുത്തു കിടത്തി വിശ്രമിക്കാൻ അനുവദിക്കുന്നതു കൊണ്ട് അദ്ദേഹത്തിനും ധന്യത—ഇതാണ് അമ്മയുടെ പ്രസ്താവം. ചോര ചിന്തിയാലും സ്നേഹം വിരാജിക്കുന്നു എന്നതാണ് ഈ നാടകത്തിന്റെ സന്ദേശം. ഭാവാത്മകതയിൽ, സിംബലിസത്തിന്റെ നിവേശത്തിൽ, ജീവിതാവിഷ്കാരത്തിൽ ലൊർകയുടെ നാടകം ഏതു ഗ്രീക്ക് ട്രാജഡിക്കും സദൃശമാണ്.

സാഹിത്യത്തിന്റെ സാർവ്വലൗകീക ശക്തി



നീന ബെർബെറോവ

സനാതനത്വത്തെ യുവതിയും സുന്ദരിയുമായി സങ്കല്പിക്കാമോ പ്രിയപ്പെട്ട വായനക്കാർക്ക്? സങ്കൽപ്പിക്കാമെങ്കിൽ അവളുടെ സ്വർണ്ണാഭരണങ്ങളിൽ വച്ച രത്നങ്ങളാണ് ചെക്കോവിന്റെ 'The Student.' മോപസാങ്ങിന്റെ 'In the Moonlight,' ഷ്നിറ്റ്സ്ളറുടെ 'Flowers', കാത്രിന്റെ 'മരപ്പാവകൾ', ഉറൂബിന്റെ 'വാടകവീടുകൾ' ഈ ചെറുകഥകൾ. അവയെപ്പോലെ ഒരു രത്നമാണ നീന ബെർബെറോവയുടെ 'The Resurrections of Mozart' എന്ന ചെറുകഥ. റഷ്യയിൽ 1901-ൽ ജനിച്ച നീന ഇരുപത്തിനാലാമത്തെ വയസ്സിൽ പാരീസിലേക്കു പോന്നു. അവിടെ ഇരുപത്തിയഞ്ചു വർഷം താമസിച്ചിട്ട് അമേരിക്കൻ ഐക്യനാടുകളിലെത്തി. 1992-ൽ Vintage പ്രസാധനം ചെയ്ത 'The Tattered Cloak and other Novels' എന്ന പുസ്തകത്തിൽ നീന റഷ്യൻ ഭാഷ പഠിപ്പിച്ചുകൊണ്ട് അമേരിക്കയിൽ താമസിക്കുന്നുവെന്ന് പ്രസ്താവിച്ചിരിക്കുന്നു. അവരുടെ പ്രത്യക്ഷശരീരം 1994-ലും ഉണ്ടോ എന്നെനിക്ക് അറിഞ്ഞു കൂടാ. ഉണ്ടായാലെന്ത്? ഇല്ലെങ്കിലെന്ത്? അവരുടെ കഥാരത്നങ്ങൾ കാന്തി ചിന്തിക്കൊണ്ടിരിക്കുന്നു. കണ്ണഞ്ചിക്കുന്ന കാന്തി വിശേഷം. അങ്ങനെ അവരുടെ സജീവമായ സാന്നിദ്ധ്യം നമ്മൾ അറിയുന്നു.

മുകളിൽ കുറിച്ച കഥാസമാഹാര ഗ്രന്ഥത്തിലെ രചനയാണ് 'The Resurrection of Mozart' എന്നത്. രണ്ടാം ലോകമഹാ യുദ്ധം നടക്കുന്ന കാലം. ഫ്രാൻസിലെ സദാങ് (Sedan) പട്ടണം 1940 മേ മാസത്തിൽ ജർമ്മൻ സൈന്യം പിടിച്ചെടുത്തു. ഫ്രഞ്ച് സൈന്യം അവസാനമായി പിൻവാങ്ങിയ ജൂണിലെ ആദ്യകാല ദിനങ്ങളിലൊന്നിൽ പാരീസിൽ നിന്ന് ഏതാണ്ടു മുപ്പതു നാഴിക അകലെയുള്ള ഒരു സ്ഥലത്തെ ഒരുദ്യാനത്തിൽ മരങ്ങൾക്കു താഴെയിരുന്ന നാലു സ്ത്രീകളും അഞ്ചു പുരുഷന്മാരും സംഭാഷണം നടത്തുകയായിരുന്നു. അവരുടെ സംസാരം മരണത്തിലേയ്ക്കും ഉയിർത്തെഴുന്നേല്പിക്കലിലേക്കും തിരിഞ്ഞു. നെപ്പോളിയനെ ഉയിർത്തെഴുന്നേല്പിച്ച് ആ കാലയളവ് ഒന്നു നോക്കാൻ പറഞ്ഞെങ്കിൽ എന്നൊരാൾ. ബിസ്മാർക്കിനെയോ വിക്ടോറിയ രാജ്ഞിയെയോ ജൂലിയസ് സീസറിനെയോ പുനരുജ്ജീവിപ്പിക്കാം എന്നു വേറൊരാൾ. പുഷ്കിനെ ജീവിതത്തിലേക്കു പ്രത്യാനയിക്കണമെന്നു മറ്റൊരാൾ. ഈശ്വരന്റെ ലോകത്തേക്കു ടോൾസ്റ്റോയിയെ വലിച്ചിഴച്ചുകൊണ്ടു വന്ന് 'ചരിത്രത്തിൽ വ്യക്തിക്കു സ്ഥാനമില്ലെന്ന് പറഞ്ഞത് നിങ്ങളല്ലയോ' എന്നു ചോദിക്കണമെന്നു ഇനിയും വേറൊരാൾ. 'ഇനി യുദ്ധമുണ്ടാവുകയില്ലെന്നു പ്രഖ്യാപിച്ചതും നിങ്ങളല്ലേ' എന്നും ചോദിക്കാം അദ്ദേഹത്തോട്. സംഭാഷണം ചെയ്യുന്നവരിൽ ഒരുത്തിയായ റഷ്യാക്കാരി മേരിയ്ക്കു ഓസ്ട്രിയൻ സംഗീതജ്ഞൻ മൊറ്റ്സാർട്ടിനെ (Mozart 1719–1787) പുനരുജ്ജീവിപ്പിക്കാനാണ് കൗതുകം. മേരിയുടെ ഭർത്താവ് വാസിലി പട്ടണത്തിലേക്കു പോയി. അന്ന് തിങ്കളാഴ്ച ഉച്ചയ്ക്ക് ശത്രു വിമാനങ്ങൾ പാരീസിൽ ബോംബിട്ടു. കെട്ടിടങ്ങൾ തകർന്നു ലക്ഷക്കണക്കിന് ആളുകൾ മരിച്ചു. മേരിയ മൊറ്റ്സാർട്ടിനെ വിചാരിച്ചു കൊണ്ടു പറഞ്ഞു. 'മൊറ്റസാർട്ട് അങ്ങ് ഈശ്വരനാണ്. അങ്ങ് നിരപരാധനാണ്. അതാ ആ മേഘങ്ങളെപ്പോലെ സുന്ദരവും വിശുദ്ധവും ശാശ്വതവുമായവയെ എല്ലാം സങ്കലനം ചെയ്യുന്നതിനെ അഭിലഷിക്കുകയാണ് വേണ്ടത്. അല്ലാതെ ഈ കൊലപാതകങ്ങളെയല്ല, അസത്യങ്ങളെയല്ല, ഭയജനകങ്ങളായ വസ്തുതകളെയല്ല. അന്തിമമായ നിശ്ശബ്ദത വന്നു മൂടും മുൻപ് നക്ഷത്രങ്ങൾ അന്യോന്യം സംസാരിക്കുന്നത് എന്താണെന്നു കേൾക്കേണ്ടതില്ലേ?'

മേരിയ പാർത്തിരുന്ന വീട്ടിൽ പട്ടാളക്കാർ വന്നു നിറഞ്ഞു ഇരുട്ടിൽ ഗെയ്റ്റിന്റെ കുറ്റി നീക്കുന്ന ശബ്ദം. മുറ്റത്തെ വെള്ളക്കല്ലുകളിൽ ഒരാളിന്റെ നിഴൽ. നിഴൽ മുന്നോട്ടു നീങ്ങി. കല്ലുകൾ ശബ്ദത്തോടെ അമർന്നു. വിവർണ്ണനും കൃശഗാത്രനുമായ ഒരാൾ. നീണ്ട മൂക്ക്, കെട്ടുപിണഞ്ഞ തലമുടി 'നിങ്ങളെ പേടിപ്പിച്ചതിന് മാപ്പു ചോദിക്കുന്നു. ഇവിടെ എവിടെയെങ്കിലും ഈ രാത്രി എനിക്കു കഴിഞ്ഞുകൂടാമോ?' 'ശരണാർത്ഥിയാണോ' എന്ന ചോദ്യത്തിന് ആഗതൻ മറുപടി നല്കി. 'ഞാൻ പട്ടാളക്കാരനല്ല, പൗരനാണ്. പാട്ടുകാരൻ.'

എഴുപതു നാഴിക കാൽനടയായി വന്നവനാണ് അയാൾ. മേരിയയുടെ ഭവനത്തിൽ അയാൾ ഉറക്കത്തോട് ഉറക്കം തന്നെ. ഉണർന്നാൽ അയാൾ ജന്നലിൽക്കൂടി മരങ്ങളെയും ആകാശത്തേയും നോക്കിക്കൊണ്ടിരിക്കും. ചിലപ്പോൾ കുറ്റിക്കാടുകളിൽ ചലനം കൊള്ളുന്ന പക്ഷികളെ നോക്കും.

ശരണാർത്ഥികളും മറ്റും ഏറെ വന്നു നിറഞ്ഞപ്പോൾ മേരിയ അയാളെ കണ്ടു പറഞ്ഞു. 'ക്ഷമിക്കൂ വീട് ആളുകളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. തൊട്ടടുത്ത് ഒരു ചെറിയ ഷെഡ് ഉണ്ട്. താങ്കൾ അങ്ങോട്ടൊന്നു മാറുമോ?' ആഗതൻ മറുപടി പറഞ്ഞു. 'നാളെ രാവിലെ മാറണോ? ഞാൻ ഷെഡിൽ എന്തിനു മാറിത്താമസിക്കണം. ഇന്നു രാത്രിതന്നെ പോകാം' അയാൾ വടി അന്വേഷിച്ച് എടുത്തു. അവളോട് 'ഗുഡ്ബൈ' എന്നു പറഞ്ഞുനടന്നു പാതയിലൂടെ ഒരാൾ നടക്കുന്നതു മേരിയ കണ്ടു. കാരണം കൂടാതെ അവളുടെ കണ്ണുകൾ നിറഞ്ഞു.

തൊട്ടടുത്തു താമസിച്ചിരുന്ന ഒരാൾ സ്വയം വെടിവച്ചു മരിച്ചു. ഭവനത്തിലുള്ള എല്ലാവരും കാട്ടിലേക്കു നടന്നു. വടക്കു പടിഞ്ഞാറേ ഭാഗത്തു നിന്നു വെടിയൊച്ച കേൾക്കാറായി. രണ്ടു ജർമ്മൻ വിമാനങ്ങൾ താഴോട്ടു ഊറ്റത്തോടെ പാഞ്ഞു.

ഇരുട്ടിന്റെ ശക്തികൾ ജർമ്മനിയിൽ വ്യാപരിക്കുമ്പോൾ ഓസ്ട്രിയക്കാരനും സൗന്ദര്യത്തിന്റെ ശാശ്വത പ്രതിരൂപവുമായ മോറ്റ്സാർട്ടിനെ പാരീസിനടുത്തിരുന്ന് ഒരു സ്ത്രീ ആരാധിക്കുന്നു. താനൊരു പാട്ടുകാരൻ മാത്രമാണെന്നു പറഞ്ഞു അവിടെയെത്തിയ മൊറ്റ്സാർട്ട് നിശ്ശബ്ദത പരിപാലിച്ചിരുന്നെങ്കിലും ആ നിശ്ശബ്ദതയിലൂടെ അദ്ദേഹത്തിന്റെ ഉജ്ജ്വല ശബ്ദം ഉയരുന്നുണ്ടായിരുന്നു. അതു സൗന്ദര്യത്തിന്റെ ശബ്ദമാണ്. തലകളറ്റു വീണു ചോരപ്പുഴ ഒഴുകുമ്പോഴും ശത്രു പക്ഷക്കാരനെന്നു കരുതാവുന്ന ഗായകനെ കാലദേശഭേദങ്ങൾ മറന്ന് ഫ്രാൻസിലുള്ളവരും റഷയിലുള്ളവരും സ്നേഹിക്കുന്നു. ഓസ്ട്രിയക്കാരനായ മൊറ്റ്സാർട്ടിന്റെ തിരോധാനത്തിൽ റഷ്യക്കാരിയായ മോറിയ കണ്ണീരൊഴുക്കുന്നു. ഇതാണ് കലയുടെ അനുഗ്രാഹക ശക്തി. അതു പ്രസരിക്കുമ്പോൾ ജർമ്മനിയും ഫ്രാൻസും റഷ്യയും വിഭിന്ന രാഷ്ട്രങ്ങളല്ല. ഒരു രാഷ്ട്രം തന്നെയാണ്.

കലയുടെ—സാഹിത്യത്തിന്റെ ഈ സാർവലൗകിക ശക്തിയും സാർവജനീന ശക്തിയുമാണ് ലോകജനതയെ ഐക്യത്തിലേക്കു നയിക്കുന്നത്. അതിനാൽ അതു തികച്ചും തദ്ദേശപരമാകുമ്പോൾ കലയുടെ മഹനീയമായ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടാതെ പോകുന്നു. ദൗർഭാഗ്യത്താൽ നമ്മുടെ പല ചെറുകഥകളും നോവലുകളും കേരളത്തിന്റെ പരിധിക്കപ്പുറത്തു പോകാൻ അസമർത്ഥങ്ങളാണ്. You with the roses rosy in your charm. Do you sell roses, on yourself or both എന്ന് 2500 വർഷം മുൻപ് ഗ്രീസിലെ ഒരു കവി റോസാപ്പൂവില്ലന്ന ഒരു പെൺകുട്ടിയെക്കണ്ടു ചോദിച്ചു. ആ ചോദ്യം ഇന്നും ചോദിക്കാം, എവിടെയും ചോദിക്കാം. ഇതാണ് സാഹിത്യത്തിന്റെ ശക്തി.

‘ചലനം കൊള്ളുന്ന വിരലുകൾ എഴുതുന്നു’

സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള

സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയെ നാടുകടത്തുന്നതിനു ഹേതുവായ സംഭവത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പരിചയക്കാരനായിരുന്ന എന്റെ ഒരു കാരണവർ—നെയ്യാറ്റിൻകരെ വക്കീലായിരുന്ന ആർ. നീലകണ്ഠപ്പിള്ള എന്നോടു പറഞ്ഞതിങ്ങനെ: ‘ശ്രീമൂലം തിരുനാൾ മഹാരാജാവ് ആറാട്ടിന് എഴുന്നള്ളുമ്പോൾ അതിൽ പങ്കുകൊള്ളാതെ ദിവാൻ രാജഗോപാലാചാരി ഒരമ്മവീട്ടിന്റെ മട്ടുപ്പാവിൽ കയറിനിന്നു സ്ത്രീകളെ സാകൂതം കടാക്ഷിക്കുകയായിരുന്നു. അടുത്ത ദിവസം രാമകൃഷ്ണപിള്ള സ്വന്തം പത്രത്തിൽ എഴുതി: “വിശാഖം തിരുനാൾ മഹാരാജാവിന്റെ കാലത്തായിരുന്നെങ്കിൽ ഈ ഉദ്യോഗസ്ഥവ്യഭിചാരിയുടെ കുറുക്ക് കുതിരക്കവഞ്ചികൊണ്ടടിച്ചു കുളം കോരിക്കുമായിരുന്നു.” ഈ വാക്യത്തിലെ പരോക്ഷമായ രാജനിന്ദനം രാമകൃഷ്ണപിള്ളയെ അധികാരത്തിന്റെ ദൃഷ്ടിയിൽ സാപരാധനാക്കി. അദ്ദേഹം ബഹിഷ്കരിക്കപ്പെടുകയും ചെയ്തു.

രാജവാഴ്ച നിലവിലിരുന്ന കാലത്തു രാജാവിനെയും അദ്ദേഹത്തിന്റെ പ്രതിപുരുഷനായ ദിവാനെയും നിയമാനുസാരിയായിപ്പോലും വിമർശിച്ചുകൂടാ എന്നത് അക്കാലത്തെ ലിഖിതവും അലിഖിതവുമായ വിധിയായിരുന്നു. ഇത് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ നേർക്കുള്ള മൃഗീയമായ ആക്രമണമായിരുന്നു. അക്കാലത്തെ പ്രശസ്തനായ സാഹിത്യവിമർശകനും രാഷ്ട്രീയപ്രവർത്തകനുമായിരുന്നല്ലോ രാമകൃഷ്ണപിള്ള. അദ്ദേഹം നീതിയുടെ പേരിൽ, ധർമ്മത്തിന്റെ പേരിൽ ഒരു സ്വാഭാവിക പ്രതികരണം നിർവഹിച്ചത് അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കുടുംബത്തെയും സംബന്ധിച്ചിടത്തോളം ട്രാജഡിയായി ഭവിച്ചു. തമിഴനാട്ടിലേക്കു ബഹിഷ്കരിക്കപ്പെട്ട രാമകൃഷ്ണപിള്ള കളിച്ച് ഈറൻ മാറാൻപോലും വസ്ത്രമില്ലാതെ നില്ക്കുമ്പോഴാണ് ചാരിത്രശാലിനിയായ അദ്ദേഹത്തിന്റെ സഹധർമ്മിണി അവിടെയെത്തിയത്. പിന്നീടുള്ള അവരുടെ കഷ്ടപ്പാടുകൾ, യാതനകൾ വിവരണാതീതങ്ങളാണ്. ചിത്തിര തിരുനാൾ മഹാരാജാവിന്റെ കാലത്തും ഈ നാടകം ആവർത്തിക്കപ്പെട്ടു. അത് ആളുകൾ വിസ്മരിച്ചതിന്റെ കാരണം അതിലെ നായകൻ രാമകൃഷ്ണപിള്ളയെപ്പോലെ അപ്രമേയ പ്രഭാവനായിരുന്നില്ല എന്നതു തന്നെ. മരണം ഏതു വ്യക്തിക്കും മഹത്ത്വം നൽകും എന്നതു തന്നെ.

എഴുത്തുകാരന്റെ ശക്തി ഭരണകൂടത്തിനറിയാം. പക്ഷേ, രാജവാഴ്ച ‘ഡിവൈൻ റൈറ്റ്’ എന്നതിലാണല്ലോ അടിയുറച്ചിരുന്നത്. അതിന് എഴുത്തുകാരന്റെ ശക്തിയേക്കാൾ വലിയ ശക്തിയുണ്ട്. അതിനോടു മത്സരിക്കാൻ വയ്യാതെ സ്വദേശാഭിമാനി തമിഴ്ദേശത്തേക്കുപോയി. ഭരണകൂടം ആധിപത്യം പുലർത്തുക, എഴുത്തുകാരൻ വിധേയത്വം പ്രദർശിപ്പിക്കുക ഇത് ഏതു രാജ്യത്തുമുണ്ട്, ഏതു കാലയളവിലുമുണ്ട്. ബഹിഷ്കരിക്കപ്പെടുന്നവന് സർഗപ്രക്രിയയിലൂടെ വികാസം പ്രാപിച്ചുകൂടേ എന്ന ചോദ്യമുണ്ടാകാം. എല്ലാക്കാലത്തെയും പരിതഃസ്ഥിതികൾ അതിന് അനുകൂലമല്ല എന്നാണ് ഉത്തരം.

ചിത്തിരതിരുനാൾ മഹാരാജാവ് നാടുവാണിരുന്ന കാലം. അദ്ദേഹത്തിന്റെ ജന്മദിനം ആഘോഷിക്കുമ്പോഴെല്ലാം കവികളും കുകവികളും മഹാരാജാവിനെ വാഴ്ത്തി കാവ്യങ്ങൾ രചിക്കാൻ നിർബന്ധരായിരുന്നു. സർക്കാർ നിർബന്ധം ചെലുത്തി എന്നല്ല ഇവിടെ ലക്ഷ്യമാക്കുന്നത്. സമഗ്രാധിപത്യത്തോട് അടുത്ത ഭരണകൂടം സർവശക്തമായി വിരാജിക്കുമ്പോൾ സമുദായം പേടിക്കും. ആ സമുദായത്തിലെ അംഗമായ കവി ഭയംകൊണ്ടു മാത്രം നാടുവാഴിയെ വാഴ്ത്തും. വള്ളത്തോൾ, ഉള്ളൂർ, ചങ്ങമ്പുഴ, പുരോഗാമിയായ വയലാർ രാമവർമ്മ—ഇവർ മാത്രമല്ല മഹാകവികളായ അഞ്ചൽ ആർ. വേലുപ്പിള്ള, ഒരു റിട്ടയർഡ് സുബേദാർ മേജർ എന്നിവരും മംഗളശ്ലോകങ്ങൾ എഴുതി. മലയാളരാജ്യം ദിനപത്രത്തിന്റെ ഒരു ഷീറ്റിൽ വർഷംതോറും അച്ചടിച്ചുവന്നിരുന്ന ഈ നാല്ക്കാലികൾ എത്ര തവണയാണ് വായിച്ച് കവിതയുടെ അധഃപതനം കണ്ടു ഞാൻ ദുഃഖിച്ചിട്ടുള്ളത്.

‘ശ്രീയാർന്നു മിന്നിത്തിളങ്ങും—മേന്മേൽ മായാത്തൊരി’ ചിത്ര‘താരം’ എന്നു വയലാർ രാമവർമ്മ ചങ്ങമ്പുഴ ശൈലിയിൽ എഴുതിയപ്പോഴും ‘പാരീറേഴും ഭരിക്കാൻ ഫണിപതിശയനൻ പദ്മനാഭന്നു നേരം നേരേ പോരാഞ്ഞു...’ എന്നു നാല്ക്കാലി പ്രായമായി സുബേദാർ എഴുതിയപ്പോഴും രാജവാഴ്ച പരോക്ഷമായും പ്രത്യക്ഷമായും ചെലുത്തിയ സ്വാധീനത എന്നെ അസ്വസ്ഥതയിലേക്ക് എറിഞ്ഞിട്ടുണ്ട്.

ഉത്തരഭാരതം

എച്ച്. ജി. വെൽസ്

തിരുവിതാംകൂറിൽ നിന്ന് എച്ച്. ജി. വെൽസിന്റെ ‘റ്റൈം മെഷ്യനി’ൽ കയറി ഞാൻ ഉത്തരഭാരതത്തിലേക്കു പൊയ്ക്കൊള്ളട്ടെ. ഉജ്ജയിനിയിലെ വിക്രമാദിത്യ രാജാവിന്റെ സദസ്സിലെ ‘നവരത്ന’ങ്ങളിൽ ശ്രേഷ്ഠരത്നമായ കാളിദാസന്റെ പേനയിൽ മഷി ഒഴിച്ചിരുന്നത് അക്കാലത്തെ രാജനീതിയായിരുന്നുവെന്നു പ്രഫസർ ജോസഫ് മുണ്ടശ്ശേരി പറഞ്ഞത് സാഹിത്യനിരൂപണത്തിന്റെ മണ്ഡലത്തിൽ ചെന്നു വീഴുകയില്ലെങ്കിലും സത്യത്തിന്റെ മണ്ഡലത്തിൽചെന്നു വീഴും. ‘വിക്രമോർവശീയം’ എന്ന നാടകത്തിന്റെ പേരിലെ വിക്രമശബ്ദം ചന്ദ്രഗുപ്തൻ രണ്ടാമന്റെ ദ്വിതീയ നാമധേയമായ വിക്രമാദിത്യനെ സൂചിപ്പിക്കുന്നതാണെന്ന് എണ്ണമറ്റ നിരൂപകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ‘കുമാരസംഭവ’ത്തിലെ കുമാരഗുപ്തനാണെന്നും അവർ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. ദക്ഷിണ ഭാരതത്തിന്റെ ഏറിയകൂറും ആക്രമിച്ചു കീഴടക്കിയ സമുദ്രഗുപ്തന്റെ പരാക്രമങ്ങളാണ് കാളിദാസൻ ‘രഘുവംശ’ത്തിൽ ഭംഗ്യന്തരേണ പ്രതിപാദിക്കുന്നതെന്നും നിരൂപകർക്ക് അഭിപ്രായമുണ്ട്.

ഇതൊക്കെ മനസ്സിൽ വച്ചുകൊണ്ടാവണം മുണ്ടശ്ശേരി പറഞ്ഞത്, കാളിദാസൻ ദുഷ്യന്തനെ വെള്ളയടിച്ചു കാണിക്കാൻ നിർബ്ബന്ധനായത് അക്കാലത്തെ രാജനീതിയുടെ അപ്രതിരോധ്യ ശക്തിയാലാണെന്ന്. ലോകചരിത്രത്തിൽ ഒരു കാലത്തും കവികളും മറ്റെഴുത്തുകാരും സ്വതന്ത്രരായി വർത്തിച്ചിട്ടില്ല. അലിഗ്സാണ്ടർ ചക്രവർത്തി കവികളുടെ ശക്തി ഗ്രഹിച്ചിരുന്നു. തന്റെ അഭാവത്തിൽ അവർ നാട്ടിൽ വിപ്ലവാശയങ്ങൾ പ്രചരിപ്പിക്കരുതെന്നു വിചാരിച്ചു ദിഗ്വിജയത്തിനുപോയ സന്ദർഭത്തിൽ അദ്ദേഹം കവികളെ കൂടെ കൊണ്ടുപോയിരുന്നു.

രാജവാഴ്ചയിൽ

രാജവാഴ്ചയിൽ ഒട്ടൊക്കെ പ്രകടമായിത്തന്നെ കവികളേയും കലാകാരൻമാരെയും നിയന്ത്രിച്ചിരുന്നു, ഭയപ്പെടുത്തിയിരുന്നു. സമഗ്രാധിപത്യമുള്ള രാജ്യങ്ങളിൽ നിഷേധാത്മക സ്വഭാവമോ സ്വാതന്ത്ര്യ പ്രകടനവാഞ്ഛയോ ഉള്ള കലാകാരൻമാരെ വിചാരണകൂടാതെ വെടിവച്ചു കൊന്നിരുന്നു; കൊന്നുകൊണ്ടിരിക്കുന്നു. വർഗീയവും മതപരവുമായ കാരണങ്ങളാൽ ഭരണകൂടം വധിച്ച നിരപരാധരുടെ സംഖ്യയെക്കാൾ കൂടുതലാണ് രാഷ്ട്രവ്യവഹാരപരമായ കാരണങ്ങളാൽ വധിക്കപ്പെട്ട കലാകാരൻമാരുടെ സംഖ്യ. മനുഷ്യവംശത്തിന്റെ ഉത്കർഷത്തിനായി പ്രവർത്തിച്ച വിജയം നേടുന്ന മഹാവ്യക്തിയായ കലാകാരനെ നാടുകടത്തുമ്പോഴോ വധിക്കുമ്പോഴോ ഭരണകൂടം ആ വ്യക്തിയെ മാത്രമല്ല മനുഷ്യവംശത്തെയാകെ നിഗ്രഹിക്കുകയാണ്. പക്ഷേ, അത് അവരുടെ താല്ക്കാലിക വിജയം മാത്രം. ഒടുവിൽ ആ ഭരണകൂടം അത്തരം നരഹത്യകളാൽ തകർന്നുവീഴും. വീണിട്ടുണ്ട്; വീണുകൊണ്ടിരിക്കുന്നു.

II

ഹേഗൽ

മാറ്റങ്ങളോ പുരോഗമനങ്ങളോ ഉണ്ടാകുന്നത് വലിയ ശക്തികളുടെ സംഘട്ടനങ്ങളാലാണെന്നു ഹേഗൽ പറഞ്ഞു. ഒരു ശക്തിയെ തീസിസ് എന്നും അതിനെ എതിർക്കുന്ന ശക്തിയെ ആന്റിതിസിസെന്നും ഹേഗൽ വിളിച്ചു. രണ്ടിന്റെയും സംഘട്ടനത്തിന്റെ ഫലമായി സിന്തസിസ് ഉണ്ടാകുന്നു. അത് തീസിസിനെക്കാൾ, ആന്റിതീസിസിനെക്കാൾ ഒരു ഉന്നത മണ്ഡലമാണ്. ഉദാഹരണം ഇതു വ്യക്തമാക്കും. രാജവാഴ്ചയെ ഇല്ലാതാക്കാൻ വിപ്ലവമുണ്ടായി, ഫ്രാൻസിൽ. രാജാവിനെയും രാജ്ഞിയെയും വിപ്ലവകാരികൾ വധിച്ചെങ്കിലും വിപ്ലവം പരാജയപ്പെട്ടു. ഒരു നൂതന സാമൂഹികാവസ്ഥ സംജാതമായി. ഈ സാമൂഹികാവസ്ഥയാണ് സിന്തസിസ് അല്ലെങ്കിൽ ഉന്നത മണ്ഡലം. ഹേഗലിന്റെ ഈ മതത്തെ ഭാഗികമായി അംഗീകരിച്ചുകൊണ്ടു മാർക്സ് വൈരുധ്യാത്മകവാദം രൂപവല്ക്കരിച്ചു. ചരിത്ര സത്യങ്ങളുടെ സംഘട്ടനമാണ് ഹേഗൽ അംഗീകരിച്ചത്. മാർക്സ് അതിനെ സ്വീകരിക്കാതെ സാമൂഹികവും സാമ്പത്തികവുമായ വർഗങ്ങളുടെ സംഘട്ടനമായി അതിനെ ദർശിച്ചു. ചരിത്രത്തിന്റെ പ്രവാഹത്തിൽ ഈ വർഗ സംഘട്ടനങ്ങളേയുള്ളൂ എന്നാണ് മാർക്സ് പറഞ്ഞത്. ഈ സംഘട്ടനങ്ങൾ കമ്യൂണിസം നിലവിൽ വരുമ്പോൾ അവസാനിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കമ്യൂണിസത്തിൽ

ബുൾഗാകഫ്

ഈ പുരോഗമനത്തെ അറക്കവാളിന്റെ അരികോടുകൂടിയ ചക്രമായി കാണാമെങ്കിൽ അതിലെ ഒരു പല്ലാണ് കലാകാരൻ അല്ലെങ്കിൽ സാഹിത്യകാരൻ. അയാൾ ചക്രഭ്രമണത്തിനു തടസ്സമായി നിൽക്കാൻ കമ്യൂണിസം അനുമതി നൽകുന്നില്ല. നിന്നാൽ അതിനെ നശിപ്പിക്കതെ തരമില്ലതാനും. അതുകൊണ്ടാണ് മഹാകവിയായ ഒസിപ് മാന്ദിൽസ്റ്റെം തടങ്കൽ പാളയത്തിൽക്കിടന്ന് ആരുമറിയാതെ മരിച്ചത്. ‘The Master and Margarita’ എന്ന അത്യുൽകൃഷ്ടമായ നോവലെഴുതിയ ബുൾഗാകഫ് ഭരണകൂടത്തിന്റെ അധികാരികളാൽ നിശിതമായി വിമർശിക്കപ്പെട്ടതും മാനസികമായി പീഡിപ്പിക്കപ്പെട്ടതും. മായകോഫ്സ്കി പ്രേമഭംഗത്താലാണ് ആത്മഹനനം നടത്തിയതെങ്കിലും ‘love boat smashed against mores’ എന്നുകൂടെ അദ്ദേഹത്തിന്റെ അന്ത്യസന്ദേശത്തിൽ കുറിച്ചിരുന്നു. താനും കൂടി യത്നിച്ച് സാക്ഷാത്കരിച്ച വിപ്ലവത്തിനു താൻ അഭിലഷിച്ച മുഖമില്ലെന്നു കണ്ടാണത്രേ ആ നല്ല കവി ജീവനൊടുക്കിയത്.

പസ്തർനക്കിനു നോബൽ സമ്മാനം വാങ്ങാൻ കഴിയാതെ പോയതും സൊൾഷെനിറ്റ്സ്യൻ ജൻമദേശം വിട്ടുപോയതും ഭരണചക്രത്തിന്റെ സുഗമഭ്രമണത്തിനു തടസ്സം സൃഷ്ടിച്ചതിനാലാണ്. പിൽക്കാലത്തു നോബൽ സമ്മാനം നേടിയ മഹാകവി യോസിഫ് ബ്രൊഡ്സ്കി വിദേശത്ത് ആശ്രയം തേടിയതും അതുകൊണ്ടുതന്നെ. സൊൾഷെനിറ്റ്സ്യനെ ഒഴിവാക്കിക്കൊണ്ടു പറയുകയാണ്. അസുലഭസിദ്ധികളുള്ള കവികളും നോവലിസ്റ്റുകളും ജന്മദേശത്തു നിന്ന് അപ്രത്യക്ഷമായത് ഭരണകൂടത്തിന്റെ സവിശേഷതയാർന്ന ആശയസംഹിതയാലാണ്; അതിന്റെ അയവില്ലായ്മയാലാണ്.

ഭരണകൂടത്തിന് അതിന്റേതായ നീതിമത്കരണമുണ്ടാകാം. പക്ഷേ, ചിത്രകലയ്ക്കും സാഹിത്യത്തിനും അവകൊണ്ടു ന്യൂനത്വം സംഭവിച്ചു. ഈസ്റ്റ് യൂറോപ്യൻ നാടക കർത്താക്കന്മാരിൽ പ്രമുഖനും ഇപ്പോഴത്തെ ചെക്ക് പ്രസിഡന്റുമായ വാറ്റ്സ്ലാഫ് ഹാവലിന് അനുഭവിക്കേണ്ടിവന്ന മർദ്ദനങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ വിവരിച്ചിട്ടുണ്ട്, ആ നൃശംസതകളും മർദ്ദനങ്ങളും നമ്മളെ ഞെട്ടിക്കും, ബാഷ്പോദ്ഗമത്തിനു ഹേതുവാകും. അദ്ദേഹത്തിന്റെ ലാർഗോ ഡെസോലാതോ എന്ന നാടകം വായിക്കുക. ഒരു പ്രഫസറെ ഒരു കൃതി രചിച്ചതിന്റെ പേരിൽ സർക്കാർ പീഡിപ്പിക്കുന്നതിന്റെ ഭയജനകമായ ചിത്രം അതിലുണ്ട്. അടുത്ത കാലത്തു വൊളസൊയിൻക നാട്ടിൽനിന്നു പലായനം ചെയതതും ഭരണകൂടം എഴുത്തുകാരന്റെ ശക്തിയെ ഭയന്ന് അദ്ദേഹത്തെ പീഡിപ്പിക്കാൻ ശ്രമിച്ചതുകൊണ്ടാണ്.

ചിത്രശലഭം

ബ്രാഡ്സ്കി ഒരു ചിത്രശലഭത്തോടു ചോദിക്കുന്നു: ‘നീ മരിച്ചെന്നു ഞാൻ പറയേണ്ടതുണ്ടോ? നീ കാലത്തിന്റെ ഒരു ചെറിയ ഖണ്ഡത്തെ മാത്രമേ സ്പർശിച്ചുള്ളൂ. ഈശ്വരന്റെ ഈ വിനോദത്തിൽ വിഷാദാത്മകമായി ഏറെയുണ്ട്.

‘നീ ജീവിച്ചു’ എന്ന വാക്കുകളുടെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഒതുക്കിപ്പിടിച്ച എന്റെ കൈകളിലിരുന്നു നീ വാടിപ്പോയി. നിന്റെ ജനനദിവസം. രണ്ടും ഒന്നാണ്. രണ്ടു ദിനങ്ങളല്ല. ഇങ്ങനെ പരിഗണിച്ചാൽ നിന്റെ ജീവിതകാലം ഒരു ദിവസത്തിൽ കുറഞ്ഞതാണ്; ലളിതമായി പറഞ്ഞാൽ.’ കലാകാരനെന്ന ചിത്രശലഭം ഭരണകൂടത്തിന്റെ ക്രൂരമായി മടക്കപ്പെടുന്ന അംഗുലികളുടെ അകത്തിരുന്നു പൊടിഞ്ഞു തകരുന്നു. മഹാകവിയായ ലൊർക അങ്ങനെ തകർക്കപ്പെട്ടു.

‘ചലനംകൊള്ളുന്ന വിരലുകൾ എഴുതുന്നു; എഴുതിക്കഴിഞ്ഞാൽ വീണ്ടും എഴുതുന്നു’ എന്നു പറഞ്ഞത് ഒമാറല്ലേ? അതുപോലെ കലാകാരന്റെ വിരലുകൾ പ്രതിബന്ധസഹസ്രങ്ങളെ തട്ടിത്തകർത്തുകൊണ്ട് എഴുതിക്കൊണ്ടിരിക്കും. കാരണം അയാൾക്ക് ഒരാന്തരശക്തിയുണ്ടെന്നതാണ്. അതു തീനാളംപോലെ ഉയരും. അപ്പോഴൊക്കെ മനുഷ്യരാശിക്കു ട്രാജഡി വരുത്തിക്കൊണ്ട് ഭരണകൂടം ആ തീനാളത്തെ കെടുത്താൻ ശ്രമിക്കും. ശ്രമിക്കുന്ന കൈകളെ പൊള്ളിച്ചുകൊണ്ട് അതു വീണ്ടും ഉയരും. സൂചിയെ തടവിലിട്ടിരിക്കുന്ന ബർമ്മയിലേക്കും അതു വ്യാപിക്കാതിരിക്കില്ല.

ഭരണകൂടത്തിന്റെ ക്രൂരതയെ, മർദ്ദനത്തെ എങ്ങനെ നശിപ്പിക്കാം? അൽപപ്രഭാവനായ എനിക്കതിന് ഉത്തരം നല്കാൻ സാദ്ധ്യമല്ല. പ്രതിഭാശാലിയായ ഹാവൽ പറഞ്ഞത് ഞാനെടുത്തെഴുതാം: മനുഷ്യൻ എത്ര നിസ്സാരനാണെങ്കിലും, എത്ര അധികാരരഹിതനാണെങ്കിലും, അവനു ലോകത്തെ പരിവർത്തനത്തിലേക്കു നയിക്കാൻ കഴിയും. ഇതു വിശ്വസിക്കാൻ വയ്യ; അല്ലേ? എങ്കിലും നമ്മളിൽ ഓരോ വ്യക്തിക്കും ഭൂഗോളത്തെ അൽപം മുന്നോട്ടു കൊണ്ടുപോകാം. ഇവിടെ ഹാവലിന്റെ ചിന്ത അവസാനിക്കുന്നു.

ഇങ്ങനെ നമ്മൾ ഭൂമിയെ അല്പാല്പമായി മുന്നോട്ടു കൊണ്ടു പോകാൻ യത്നിക്കുമ്പോൾ ആധ്യാത്മിക ശക്തിയായ കല ആളിക്കത്തും. അതിന്റെ ജ്വാലയിൽ അധികാരം ഭസ്മീഭവിക്കും.

കനേറ്റി: കാലത്തിന്റെ ശബ്ദം



ഏലിയാസ് കനേറ്റി

സ്ഥലം എനിക്ക് ഓർമ്മയില്ല, പുസ്തകക്കട ഏതെന്നും ഓർമ്മയില്ല. രണ്ടും സ്മൃതി മണ്ഡലത്തിൽ നിന്ന് ഓടിപ്പോയിരിക്കുന്നു. കടയിൽ പുസ്തകങ്ങൾ എടുത്തു നോക്കിക്കൊണ്ടിരിക്കുമ്പോഴാണ് ഏലിയാസ് കനേറ്റി എഴുതിയ 'ഔട്ടോ ദ ഫേ' (Auto Da Fe) എന്ന നോവൽ ഞാൻ കാണാനിടയായത്. ഏതോ ഒരു നോവൽ എന്നു വിചാരിച്ച് അതു തിരിച്ചു ഷെൽഫിൽ വയ്ക്കാൻ ഭാവിച്ചപ്പോൾ കവറിൽ അച്ചടിച്ച ചില അഭിപ്രായങ്ങൾ എന്റെ കണ്ണിൽ വന്നു വീണു. ഇരുപതാം ശതാബ്ദത്തിലെ ഏറ്റവും മഹനീയമായ നോവൽ എന്നൊരു വിമർശകൻ പറഞ്ഞതുകൊണ്ട് ഞാൻ ആ നോവൽ വാങ്ങി, വീട്ടിൽനിന്നു വായന തുടങ്ങി. വായിച്ചു തീരുന്നതുവരെ അതു താഴെവയ്ക്കാൻ കഴിഞ്ഞില്ലെന്നു പറഞ്ഞാൽ അതൊരു ക്ലീഷേയാണെന്ന് അറിവുള്ളവർ പറയും എങ്കിലും അതാണു സംഭവിച്ചത്.

പാരായണം കഴിഞ്ഞ ദിവസം തന്നെ ഞാൻ അതിനെക്കുറിച്ച് എഴുതി: ഈ നോവലിസ്റ്റിനു നോബൽ സമ്മാനം നൽകേണ്ടതാണ്. കാലം കഴിഞ്ഞപ്പോൾ ഞാൻ കനേറ്റിയെ മറന്നു. ഞാൻ എഴുതിയതു വിസ്മരിച്ചു. 1981-ന്റെ അവസാനത്തെ മാസങ്ങളിലൊന്നിൽ ഒരു ദിവസം പത്രം നിവർത്തിയപ്പോൾ 'ഔട്ടോ ദ ഫേ' എന്ന നോവലും 'ക്രൗഡ്സ് ആൻഡ് പവർ' എന്ന സാമൂഹിക-മനോവിജ്ഞാനീയ ഗ്രന്ഥവും എഴുതിയ കനേറ്റിക്കു നോബൽ സമ്മാനം ലഭിച്ചിരിക്കുന്നു എന്ന വാർത്ത കണ്ടു. ആഹ്ലാദാതിശയത്തോടെ ഞാൻ 'ഔട്ടോ ദ ഫേ' വീണ്ടും വായിച്ചു. സാഹിത്യത്തിന്റെ മണ്ഡലത്തിലെ ഒരു ന്യാദൃശ സംഭവമാണ് ആ നോവലിന്റെ ആവിർഭാവമെന്നു വീണ്ടും വിചാരിക്കുകയും ചെയ്തു. ഒരു സൈനോളജിസ്റ്റിന്റെ കഥയാണു കനേറ്റി പറയുന്നത് (ചൈനയിലെ ഭാഷ, സാഹിത്യം, ആചാരം ഇവയെക്കുറിച്ചു പഠിക്കുന്നയാൾ സൈനോളജിസ്റ്റ്). അതിവിപുലമായ ഗ്രന്ഥശേഖരം അദ്ദേഹത്തിനുണ്ട്. പാണ്ഡിത്യംകൊണ്ടു വിശ്വവിഖ്യാതിയാർജ്ജിച്ച ആ മനുഷ്യൻ പുസ്തകങ്ങളിൽ പൊടിപറ്റിയാൽ കരയും. അവയോട് അദ്ദേഹം സംസാരിക്കും. ആ ഗ്രന്ഥസമുച്ചയം സൂക്ഷിക്കാനായി അദ്ദേഹം ഒരു സ്ത്രീയെ നിയമിച്ചു. ദുഷ്ടതയുടെ മൂർത്തിമദ്ഭാവമായ അവൾ മറ്റു രണ്ടുപേരോടു കൂടിച്ചേർന്ന് അദ്ദേഹത്തെ ക്രമാനുഗതമായി ഉന്മാദത്തിലേക്കു നയിച്ചു. ഒടുവിൽ പുസ്തകങ്ങളുടെ ഇടയ്ക്കു കയറിയിരുന്ന് അവയിൽ തീ പിടിപ്പിച്ച് അദ്ദേഹം ആത്മഹനനം നടത്തി.

'ഒരു ലോകമില്ലാത്ത ശിരസ്സ്', 'ശിരസ്സില്ലാത്ത ലോകം', 'ശിരസ്സിനകത്തെ ഒരു ലോകം' എന്നു നോവലിന്റെ വിഭജനം. മൂന്നാമത്തെ അവസ്ഥയിൽ എത്തുമ്പോൾ ആ മഹാപണ്ഡിതൻ സ്വയം അഗ്നിക്കിരയാവുന്നു. നൃശംസതയോടെ മറ്റുള്ളവർ വ്യക്തിയെ എങ്ങനെ നശിപ്പിക്കുന്നു, ലോകത്തോട് അനുരഞ്ജിക്കാതെ പാണ്ഡിത്യം ശിരസ്സിലേറ്റി നടന്നാൽ ആ വ്യക്തി എങ്ങനെ ദുരന്തമുണ്ടാകുന്നു എന്നു സ്പഷ്ടമാക്കിത്തരും കനേറ്റിയുടെ 'ഔട്ടോ ദ ഫേ'.



മൂസി

ഞാൻ രണ്ടാമതു വായിച്ചതു 'Crowds and Power' എന്ന ഗ്രന്ഥമാണ്. അതും നിസ്തുലമത്രേ. അതിലെ ഓരോ വാക്യം വായിക്കുമ്പോഴും നമ്മൾ കനേറ്റിയുടെ ധിഷണാവൈഭവം കണ്ട് ആദരാദ്ഭുതങ്ങളോടെ തല കുനിക്കും. 'There is nothing that man fears more than the touch of the unknown' എന്നാണു പുസ്തകത്തിന്റെ തുടക്കം. അജ്ഞാതമായതും അജ്ഞേയമായതും ജനക്കൂട്ടത്തിന്റെ മാനസികാവസ്ഥകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു. അഗ്നി, മഴ, കാട്ട് ഇവയെ ജനക്കൂട്ടത്തിന്റെ പ്രതിരൂപങ്ങളാക്കിക്കാണിച്ച് ഓരോന്നിനെക്കുറിച്ചും വിസ്മയാവഹങ്ങളായ മതങ്ങൾ സ്ഥാപിക്കുന്നു. എന്റെ ഹൃദയത്തെ പിടിച്ചു കുലുക്കുകയും മനസ്സിനെ പ്രകമ്പനം കൊള്ളിക്കുകയും ചെയ്ത ആ പുസ്തകം ഞാൻ മാത്രം വായിച്ചാൽ പോരാ എന്നെനിക്കു തോന്നി. അക്കാലത്തു തൃശ്ശൂരു താമസിച്ചിരുന്ന സി. അച്യുതമേനോനു ഞാനത് അയച്ചുകൊടുത്തു. അടുത്ത ദിവസം വേറൊരു കോപ്പി വാങ്ങിക്കുകയും ചെയ്തു. കനേറ്റിയുടെ മൂന്നു വാല്യത്തിലുള്ള ആത്മകഥയും ധിഷണയുടെ പാരമ്യാവസ്ഥ കാണിക്കുന്നു. The Tongue set Free, The Torch in My Ear, The play of The Eyes ഇവയാണു മൂന്നു വാല്യങ്ങളുടെയും പേരുകൾ. യൂറോപ്പിലെ മൂസി (Musil), ബ്രോഗ് (Broch), റ്റോമസ്മാൻ (Thomas Mann) ഈ പ്രതിഭാശാലികളെയും തനിക്കു നേരിടേണ്ടിവന്ന ക്ഷുദ്ര സ്വഭാവക്കാരായ വ്യക്തികളെയും അന്തർവീക്ഷണപാടവത്തോടെ അവതരിപ്പിക്കുന്ന ഈ ആത്മകഥയ്ക്കു മാന്ത്രികശക്തിയുണ്ടെന്നു മാത്രം പറയാനേ ഇവിടത്തെ സ്ഥല പരിമിതി അനുമതി തരുന്നുള്ളൂ.

ഒരിക്കലും കെടാത്ത ധിഷണാപരമായ ജിജ്ഞാസയാണു കനേറ്റി ഓരോ രചനയിലും പ്രദർശിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ ഓരോ വാക്യവും പ്രൗഢമാണ്. ആ പ്രൗഢത അദ്ദേഹത്തിന്റെ സുശക്തമായ മനസ്സിനെ പ്രതിഫലിപ്പിക്കുന്നു. ' She kept on her final piece of clothing a lip curled in scorn'— ഇതു കനേറ്റിയുടെ ഒരു വാക്യം. ഇതുപോലെയാണ് എല്ലാ വാക്യങ്ങളും. ഈ ശതാബ്ദത്തിലെ ഉദാത്ത ശബ്ദമാണു കനേറ്റിയുടേത്.

സ്പാനിഷ് വംശജനായതുകൊണ്ടു കാൻയേതേ എന്നാണ് അദ്ദേഹത്തിനെ പേര് ഉച്ചരിക്കേണ്ടത്.

പാച്ചിയമ്മയ്ക്കു കുഞ്ഞ്

പണ്ടത്തെ മലയാളം ഒൻപതാം ക്ലാസ് പരീക്ഷയിൽ ജയിച്ചാലും തോറ്റാലും അച്ചടിഭാഷയിലേ സംസാരിക്കാനാവൂ. വാമൊഴിയുടെ കാര്യമതാണെങ്കിൽ വരമൊഴിയുടെ കാര്യം എന്തുപറയാനാണ്. ഞാൻ ഒൻപതാംക്ലാസ് പരീക്ഷയ്ക്കു കൂടിയവനല്ലെങ്കിലും അക്കൂട്ടരുടെ ഭാഷയിൽ ചിലപ്പോൾ സംസാരിക്കും. എഴുതുകയും ചെയ്യും. ഇപ്പോൾ ഒരു വാക്യം എഴുതട്ടെ. 'ഒരു സായാഹ്നത്തിൽ ഞാൻ ചിന്താഭാരക്ലാന്തതയാൽ ക്ഷുണ്ണഹൃദയനായി ഭവനത്തിന്റെ ദ്വാരപ്രക്ഷോഠത്തിൽ (വരാന്തയിലെന്നർത്ഥം) ആസനസ്ഥനായി.' പൊടുന്നനെ അകത്തെ മുറിയിൽനിന്ന് ഒരു ദീനരോദനം. 'ഭവാനിഅമ്മാ ഇതാ ഇവിടെ മുഴയ്ക്കുന്നു. അവിടെയും. എനിക്കു ഭാഗ്യം വന്നോ ഭവാനിഅമ്മാ? പറയിൻ.' 'ആകാംക്ഷഭരിതമായ ഈ ചോദ്യങ്ങളും പരിദേവനങ്ങളും ഋതുസ്രാവം നിലയ്ക്കാറായ പാച്ചിയമ്മയിൽ നിന്നാണ് ഉയർന്നത്. ഭവാനിഅമ്മയുടെ ആഹ്ലാദനിർഭരങ്ങളായ സാന്ത്വനവചനങ്ങളും ഞാൻ കേട്ടു; സൂക്ഷിക്കണം പാച്ചിഅമ്മാ. ആദ്യത്തെ കുഞ്ഞല്ലേ, നമുക്കു ഡോക്ടറെ കാണുകയും വേണം.'

പാച്ചിഅമ്മയുടെ ഈ നിർഘോഷങ്ങളും വിലാപങ്ങളും കേട്ട് അവരുടെ ഭർത്താവായ ഗുസ്തിക്കാരൻ അകത്തേയ്ക്കു പ്രവേശിച്ചു. അയാളുടെ സഹോദരിയായ ഭവാനിഅമ്മ മൊഴിയാടി: "ചേട്ടാ, ഇതു ഗർഭമാണ്. അനങ്ങാതെ സൂക്ഷിച്ചിരിക്കണം പാച്ചിയമ്മ. നമ്മുടെ പ്രാർത്ഥന ഫലിച്ചു ചേട്ടാ. ഇന്നുതന്നെ ഗണപതികോവിലിൽ നൂറ്റൊന്നു തേങ്ങ അടിക്കണം സുഖപ്രസവത്തിന്," ഗുസ്തിക്കാരൻ മാംസപേശികളുടെ വികസനംകൊണ്ട് ഊരുക്കൾ കൂട്ടിമുട്ടുന്നതിനാൽ കാലുകൾ കവച്ചുവച്ചാണു നില. ബൈസപ്സ് മസിലുകളുടെ പുറത്തു കൂടെ പാഞ്ഞ കറുത്ത ചരടിൽ സ്വർണ്ണക്കട്ടിലടച്ച രക്ഷാമന്ത്രം, കഴുത്തിൽ സ്വർണ്ണച്ചെയിനിൽ ഹനുമാന്റെ രൂപമുള്ള ലോക്കറ്റ്. കണ്ണുകളിൽ സുറുമ. ഗുസ്തിസമയത്ത് എതിരാളി തലമുടിയിൽ കേറിയങ്ങു പിടിക്കരുതല്ലോ എന്നു വിചാരിച്ച് ഏതാണ്ടു മുണ്ഡനംചെയ്ത ശിരസ്സ്. അച്ഛനാകാൻപോകുന്ന സന്തോഷത്തോടെ അയാളങ്ങനെ നിന്നു ഭാര്യയെയും സഹോദരിയെയും മാറിമാറി നോക്കി. 'അമ്മിണീ (സഹോദരിയെ അയാൾ അങ്ങനെയാണു വിളിക്കുന്നത്) തേങ്ങയടിക്കാനുള്ള ഏർപ്പാടെല്ലം നീ തന്നെ ചെയ്യ്. രൂപ ഞാൻ തരാം.' എന്നു പറഞ്ഞു പുറം തിരിഞ്ഞ് ഒരു കാല് കന്യാകുമാരിയിലും മറ്റേകാല് ഗോകർണ്ണത്തും വച്ചുമെല്ലെ നടന്നുപോയി.

എനിക്കു പല ഗുസ്തിക്കാരന്മാരെയും അറിയാം. സാധാരണയായി അവർ ശുദ്ധാത്മാക്കളാണ്. പക്ഷേ, ഈ ഗുസ്തിക്കാരൻ അശുദ്ധാത്മാവാണ് എന്നു മാത്രം പറഞ്ഞാൽപ്പോരാ. ക്രൂരനായിരുന്നു അയാൾ. പാച്ചിഅമ്മ അയാളുടെ രണ്ടാമത്തെ ഭാര്യയാണ്. ആദ്യത്തെ ഭാര്യ ലക്ഷ്മിക്കുട്ടീക്കു ഗർഭം നാലുമാസമായപ്പോൾ അയാൾ പഞ്ചാബുകാരനായ പരീത്ഖാനു 'കൈ കൊടുത്തിരുന്നു.' കുറെക്കാലത്തിനുശേഷം കൊല്ലത്തുവച്ചു ഗുസ്തിമത്സരം നടക്കും. ഗോദായിൽ കയറിയാൽ പരീത്ഖാൻ കാലുമടക്കി പ്രതിയോഗിയെ കാൽമുട്ടിനു മുകളിലടിക്കും. അപ്പോൾതന്നെ പ്രതിയോഗി വീഴുകയും ചെയ്യും. പരീത്ഖാന്റെ ഈ ശക്തിവിശേഷത്തെ അറിഞ്ഞിരുന്ന നമ്മുടെ ഗുസ്തിക്കാരന് ഉള്ളിൽ പേടിയുണ്ടായിരുന്നു. ഒരു രാത്രി ലക്ഷ്മിക്കുട്ടിയുമായി സഹശയനം നടത്തുമ്പോൾ അയാൾ അകത്തു കിടക്കുന്നതു പരീത്ഖാനാണെന്നു വിചാരിച്ച് അവരുടെ വീർത്ത വയറിൽ ഒറ്റപ്പിടി 'എടാ ഖാനേ' എന്നു വിളിച്ചുകൊണ്ട്. ലക്ഷ്മിക്കുട്ടിയുടെ ഗർഭം കലങ്ങി. രക്തസ്രാവം ആരംഭിച്ചു. കാലത്ത് ആശുപത്രിയിൽ അവരെ എത്തിച്ചെങ്കിലും പാച്ചിഅമ്മയെ രണ്ടാമത്തെ ഭാര്യയാക്കിക്കൊള്ളാൻ ഭർത്താവിനു സൗകര്യം നൽകിക്കൊണ്ട് അവർ പരലോകത്തേക്കു ഗമിച്ചു. ഈ ഗുസ്തിക്കാരനെ കാണുമ്പോഴൊക്കെ ഞാൻ ചോസർ എന്ന കവി നീറോയെ വർണ്ണിച്ചത് ഓർമ്മിക്കും. വെറും നേരമ്പോക്കിനുവേണ്ടി അയാൾ റോം നഗരം കത്തിച്ചു. സെനറ്റംഗങ്ങളെ കൊന്നു; അവർ എങ്ങനെ നിലവിളിക്കും എന്നറിയാൻവേണ്ടി. സഹോദരനെ കൊന്നു. സഹോദരിയോടൊരുമിച്ചു കിടന്നു. അമ്മയോടു പെരുമാറിയത് എങ്ങനെയെന്ന് എഴുതാൻവയ്യ. ഏതൊരു ഗർഭാശയത്തിലാണോ താൻ കിടന്നത് അതുകാണാൻവേണ്ടി അയാൾ അവരുടെ വയറു കീറി നോക്കി. ഗുസ്തിക്കാരൻ ഏതാണ്ടൊരു നീറോ ആയിരുന്നു.

പാച്ചിഅമ്മയുടെ ഉദരം വീർത്തുവന്നു. ആർത്തവം നേരത്തേതന്നെ നിന്നിരുന്നു. വക്ഷോജങ്ങൾ സ്ഥൂലങ്ങളായി. കാലത്തു പതിവായി അവർ ഛർദ്ദിച്ചു. വാളൻപുളി തൊടാത്ത അവർക്കു ദിവസവും അതു തിന്നണമെന്നായി. അവരുടെ ആലസ്യവും ശക്തിക്ഷയവും വർദ്ധിച്ചുവന്നതോടെ ഗുസ്തിക്കാരന്റെ ആഹ്ലാദവും ഉത്സാഹവും കൂടിക്കൂടി വന്നു. ഒരു ദിവസം ഗർഭക്ഷീണത്താൽ മലർന്നുകിടന്ന ഭാര്യയുടെ അടുത്തിരുന്നുകൊണ്ട് അയാൾ സഹോദരിയോടു ചോദിച്ചു.: 'എടീ അമ്മിണി ഇവൾ പ്രസവിക്കുന്നത് ആണോ പെണ്ണോ?'

സഹോദരി: 'സംശയമെന്തുചേട്ടാ. ആണ്.'

തന്റെ ഗുസ്തി മുറകൾ പഠിപ്പിച്ചു കൊടുക്കാൻ ഒരു സന്താനമുണ്ടാകുന്നല്ലോ എന്നു വിചാരിച്ച് അയാൾ എഴുന്നേറ്റിനിന്നു മപ്പടിച്ചു. മപ്പടിയിൽ അയാൾ ഒതുങ്ങിനിന്നതു ഭാഗ്യം. ഇല്ലെങ്കിൽ ലക്ഷ്മിക്കുട്ടിയുടെ ഗതി പാച്ചിഅമ്മയ്ക്കും വരുമായിരുന്നു.

ഗുസ്തിക്കാർക്കു മൂച്ചുടയ്ക്കുക എന്നൊരു ഏർപ്പാടുണ്ട്. കാലത്തു ലങ്കോട്ടി മാത്രം കെട്ടിക്കൊണ്ടു ഗോദയിലിറങ്ങി വേറൊരു ഗുസ്തിക്കാരനുമായി ഗുസ്തി പിടിക്കും. അതാണു മൂച്ചുടയ്ക്കൽ. പ്രതിയോഗി ഇല്ലാത്തതുകൊണ്ടു പാച്ചിയമ്മതന്നെ ലങ്കോട്ടി മാത്രം കെട്ടിക്കൊണ്ടു ഗോദയിലിറങ്ങി ഭർത്താവുമായി ഗുസ്തിപിടിച്ച് അയാളുടെ മൂച്ചുടച്ചുകൊടുക്കും. അവരുടെ ആ മത്സരം ഞാൻ ഒളിഞ്ഞുനിന്നു നോക്കിയിട്ടുണ്ട് പല ദിവസങ്ങളിൽ . ഒരു ദിവസം പാച്ചിയമ്മ ഗോദയിലെത്തിയില്ല. അന്നാണ് അവർ അതിദീനം വിലപിച്ചു കൊണ്ടു 'ഭവാനിയമ്മാ ഓടിവരണേ' എന്നു വിളിച്ചതും ഗർഭസ്ഥ ശിശു വയറ്റിൽ അങ്ങിങ്ങായി മുഴകളുണ്ടാക്കിക്കൊണ്ട് അവരെ ആ വിലാപത്തിനിടയിൽ ആഹ്ലാദാനുഭൂതിയിൽ വിലയം കൊള്ളിച്ചതും.

പ്രസവിക്കുന്നത് ആണാണെങ്കിൽ അതിനിടാനുള്ള ഉടുപ്പുകൾ, അതിനെ കിടത്താനുള്ള റബർ ഷീറ്റുകൾ ഇവയൊക്കെ ഗുസ്തിക്കാരൻ നേരത്തെതന്നെ വാങ്ങിച്ചുവച്ചു. ഒരു മരത്തൊട്ടിൽ വാങ്ങി. പട്ടുമെത്തയും വേണ്ടിവന്നാൽ ഉപയോഗിക്കാൻ കൊച്ച് ഉരുളൻ തലയിണകളും ഉണ്ടാക്കി. നാലു ചങ്ങലകൾകൊണ്ടു മരത്തൊട്ടിൽ തൂക്കിയിട്ടു. കുഞ്ഞിനു കണ്ടുരസിക്കാൻ ചില കളിക്കോപ്പുകൾ തൊട്ടിലിന്റെ മുകളിൽ നിന്നു കെട്ടിത്തൂക്കി. ഭർത്താവിന്റെ ഈ തയ്യാറെടുപ്പുകൾ കണ്ടു ഭാര്യ എന്തെന്നില്ലാതെ ആഹ്ലാദിച്ചു. സഹോദരന്റെ ഭാര്യയും വെറുതെയിരുന്നില്ല. ജനിക്കുന്നതു പെണ്ണാണെങ്കിൽ അതിനിടാൻവേണ്ടി കൊച്ചുടുപ്പുകളും കൊച്ചുഫ്രാക്കുകളും അവർതന്നെ തയ്ച്ചെടുത്തു. കളിപ്പാട്ടങ്ങൾ വാങ്ങിവച്ചു. പാച്ചിയമ്മ എഴുന്നേൽക്കുമ്പോൾ ഭവാനിഅമ്മ താങ്ങും. അവർ തിരിച്ചു കിടക്കാൻ കട്ടിലിനരികെ ചെല്ലുമ്പോഴും ഭവാനിയമ്മ താങ്ങിക്കിടത്തും. ഛർദ്ദിക്കൽ കൂടി. വ്യാക്ക് വർദ്ധിച്ചു. അവ കൂടുന്നതോടൊപ്പം പാച്ചിഅമ്മയുടെ ഉദരപരിമിതിയും കൂടി. ലഘുത്വമാർന്ന ഒരു നിമിഷത്തിൽ ഗുസ്തിക്കാരൻ ഭാര്യയോടു ചോദിച്ചു:

'എടീ പാച്ചീ, കുഞ്ഞ് ആണാണെങ്കിൽ എന്തു പേരിടണം?'

പാച്ചി: 'എന്റെ അച്ഛന്റെ പേര്.'

ഗുസ്തിക്കാരൻ: 'നിന്റെ അച്ഛന്റെ പേരെന്തു?'

അവർ പേരു പറഞ്ഞു.

ഗുസ്തിക്കാരൻ: 'കുഞ്ഞു പെണ്ണാണെങ്കിലോ?'

പാച്ചി: 'എന്റെ അമ്മയുടെ പേര്?'

ഗുസ്തിക്കാരന് അതത്ര പിടിച്ചില്ല.

അയാൾ: 'എടീ, ആണാണെങ്കിൽ എന്റെ അച്ഛന്റെ പേര് പെണ്ണാണെങ്കിൽ എന്റെ അമ്മയുടെ പേര്.'

ഭവാനി അമ്മയും അതു ശരിവച്ചു.

കാലം കഴിഞ്ഞു. പ്രസവത്തിനു വേണ്ട 280 ദിവസം കടന്നുപോയിട്ടു ദിവസങ്ങളേറെയായി. പത്തുമാസം കഴിഞ്ഞു. പതിനൊന്നാമത്തെ മാസമായി. അപ്പോഴും വയറു വീർത്തു വീർത്തു വന്നു. ഞരമ്പുകൾ തെളിഞ്ഞുവന്നു. ഛർദ്ദിക്കൽ കുറഞ്ഞെങ്കിലും പാച്ചി അമ്മ ആഹാരം വെറുത്തു. പാലും ഓറഞ്ച് ജ്യൂസും മാത്രമേ അവർ കഴിച്ചുള്ളൂ. 'കുഞ്ഞിനെ പട്ടിണിയിടരുതേ പാച്ചിഅമ്മാ' എന്നു ഭവാനിഅമ്മ കൂടെക്കൂടെ പറയുമായിരുന്നു. അതുകേട്ട ഭാവമില്ലായിരുന്നു ഗർഭിണിക്ക്. പതിനൊന്നു മാസം കഴിഞ്ഞിട്ടും നവജാതശിശു മന്ദസ്മേരാർദ്രമായ മുഖം തനിക്കു തരുന്നില്ലല്ലോ എന്നു വിചാരിച്ചു ഗുസ്തിക്കാരൻ ഗർഭിണിയെ ഡോക്ടറുടെ അടുത്തേക്കു കൊണ്ടുപോയി. ലേഡി ഡോക്ടറെ മാത്രമേ തന്റെ ശരീരം കാണിക്കു എന്നു പാച്ചിഅമ്മ ദുശ്ശാഠ്യം പിടിച്ചിട്ടും വിദഗ്ദ്ധനായ ഒരു പുരുഷഡോക്ടറെക്കൊണ്ടു തന്നെ ഗുസ്തിക്കാരൻ പരിശോധിപ്പിച്ചു.

പരിശോധന കഴിഞ്ഞു ഡോക്ടർ കൈകഴുകിത്തുടച്ചിട്ടു ഗുസ്തിക്കാരനെയും അയാളുടെ സഹോദരിയെയും വിളിച്ചു പാച്ചിഅമ്മ കേൾക്കാതെ പറഞ്ഞു: 'ഇതു ഗർഭമല്ല, വ്യാജഗർഭമാണ്. ഞങ്ങൾ pseudo pregnancy എന്നും pseudocyesis എന്നും വിളിക്കും. അബ്ഡോമിനൽ ഏരിയയിൽ ഫാറ്റ് വന്നടിഞ്ഞാൽ വയറു ഗർഭമുണ്ടായതുപോലെ വീർക്കും. കുഞ്ഞു മുഴയ്ക്കുന്നു എന്ന തോന്നലുണ്ടാക്കുന്നത് അബ്ഡോമിനൽ മാംസപേശികളുടെ സങ്കോചത്താലാണ്. ഞാൻ അവരുടെ ഗർഭാശയത്തിൽ നോക്കി. അതിനകത്ത് ഒന്നുമില്ല.'

പരീത്ഖാന്റെ അടിയേറ്റതുപോലെ ഗുസ്തിക്കാരൻ താഴെവീണു. ഭവാനിഅമ്മ നിലവിളിച്ചുകൊണ്ടു താഴെയിരുന്നു. 'ചേട്ടാ ചേട്ടാ' എന്നുവിളിച്ചു.

കാലം പിന്നെയും കഴിഞ്ഞു. കഥകളില്ലാത്ത മാസം ഏറെ കടന്നുപോയി. പരീത്ഖാൻ ഗുസ്തിക്കാരനെ കൊല്ലത്തു വച്ചു തോല്പിച്ചു. അയാളുടെ തുടയിൽ കാലുമടക്കി ഒരടി. ഗുസ്തിക്കാരൻ താഴെവീണു. 'ഞാൻ തോറ്റിരിക്കുന്നു' എന്ന് ഉറക്കെപ്പറഞ്ഞു. വർഷങ്ങൾ കഴിഞ്ഞപ്പോൾ പാച്ചിഅമ്മ അന്ധയായി. ഒരു ദിവസം അവർ രക്തം ഛർദ്ദിച്ചു. രക്തധമനി പൊട്ടിപ്പോയിയെന്നാണു ഡോക്ടർ പറഞ്ഞത്.

മരിക്കുന്നതിനു മുൻപു ഭവാനിഅമ്മയെ അടുത്തുവിളിച്ച് അർദ്ധബോധാവസ്ഥയിൽ അവർ പറഞ്ഞുവത്രേ: 'ഭവാനി അമ്മേ കുഞ്ഞുവന്നു വയറ്റിൽ മുഴയ്ക്കുന്നു. ഞാൻ ഭാഗ്യവതി തന്നെ അല്ലേ?'

ഇതിനുശേഷം അവർ അന്ത്യശ്വാസം വലിച്ചു. പാച്ചിഅമ്മയെ അടുത്തറിഞ്ഞവർക്ക് ഒരു സങ്കടവുമുണ്ടായില്ല. അവരത്രയ്ക്കു ക്രൂരയായിരുന്നല്ലോ.

അടിക്കുറിപ്പ്: ഇക്കഥയിലെ കഥാപാത്രങ്ങൾക്കു ജീവിച്ചിരിക്കുന്നവരോടോ മരിച്ചവരോടോ ഒരു സാദൃശ്യവുമില്ല. സാദൃശ്യമുണ്ടെങ്കിൽ അതു കരുതിക്കൂട്ടി വരുത്തിയതാണു കഥാകാരൻ.

കണ്ണീരൊലിച്ച ഓണദിനം

പ്രാഗ് പട്ടണത്തിലാണു ജനിച്ചതെങ്കിലും അമേരിക്കൻ ഐക്യനാടുകളിൽ സ്ഥിരമായി പാർക്കുന്ന റ്റെന്നിസ് കളിക്കാരി മാർട്ടീന നവ്രത്തിലോവ (Martina Navaratilova) തുടർച്ചയായി പത്തിലധികം തവണ വിംബൽഡൻ മത്സരങ്ങളിൽ ഒന്നാം സ്ഥാനത്തെത്തി. പത്രഭാഷയിൽ 'കിരീടം ചൂടിയ' ഈ റ്റെന്നിസ് രാജ്ഞിയെ ഭദ്രാസനത്തിൽനിന്നു ഗളഹസ്തം ചെയ്തു പടിഞ്ഞാറൻ ജർമ്മനിയിലെ റ്റെന്നിസ് കളിക്കാരിയായ സ്റ്റെഫീഗ്രാഫ് (Steffi Graf). കളിയുടെ അവസാനത്തിൽ നെറ്റിന് അടുത്തെത്തി പുഞ്ചിരിയോടെ സ്റ്റെഫിയുടെ കൈയിൽ തട്ടിയിട്ടു മാർട്ടീന പോയതു ഞാൻ ടെലിവിഷനിൽ കണ്ടിട്ടുണ്ട്. സ്റ്റെഫിയുടെ ഉള്ളംകൈയിലുള്ള മൃദുലാഘാതം സ്നേഹത്തിന്റേതാണോ? അല്ല. ഒരു വികാരത്തെ പണിപ്പെട്ട് ഉള്ളിലടക്കിക്കൊണ്ട് അതിനെ സമീകരിക്കാൻവേണ്ടി ഉപരിതലത്തിൽ മറ്റൊരു വികാരത്തെ പ്രദർശിപ്പിക്കലാണത്. സ്റ്റെഫിയോട് തോന്നിയ വെറുപ്പ് എന്ന വികാരത്തെ സ്നേഹവികാരമാക്കി മാറ്റുന്നു മാർട്ടീന.

നമ്മുടെ നിത്യജീവിതത്തിലാകെയുണ്ട് ഈ പ്രകടനം. പ്രതിയോഗിയോടു നമുക്കു ശത്രുത. അയാളോടു സംസാരിക്കേണ്ടതായി വന്നാൽ വിനയപ്രകടനം. ചിലപ്പോൾ അയാളുടെ കൈപിടിച്ചു കുലുക്കുകയും ചെയ്യും. വ്യക്തിക്കു സ്വഭാവദൗർബല്യം കൂടിയാൽ അതിരുകടന്ന സ്നേഹപ്രദർശനം ഉണ്ടായിയെന്നും വരും. ആരും വഴക്കിനു വരരുതേ. സന്താനങ്ങൾക്കു പൊതുവേ അച്ഛനമ്മമാരോടു വെറുപ്പാണ്. ആ വെറുപ്പിനെ അന്തരംഗത്തിൽ ഒതുക്കിക്കൊണ്ട് അവർ മാതാപിതാക്കളോടു സ്നേഹം കാണിക്കുന്നു. ദൗർബല്യം സന്താനങ്ങൾക്കു കൂടുമ്പോൾ സ്നേഹപ്രകടനവും കൂടുന്നു. വ്യഭിചാരിയും മദ്യപാനുമാണ് അച്ഛനെന്നു മകനു നല്ലപോലെ അറിയാം. അയാൾ രതോപകാരിയായി വർത്തിച്ച പല സന്ദർഭങ്ങൾ മകൻ കണ്ടിട്ടുമുണ്ട്. പക്ഷേ, എന്റെ അച്ഛനെപ്പോലെ മാന്യനായ വേറൊരാൾ ഇല്ലെന്ന് അയാൾ മറ്റുള്ളവരോടു പറയും. ആ പിതാവുമരിച്ചാൽ പിന്നെ പറയാനുമില്ല.

> 'താരകാ മണിമാല ചാർത്തിയാലതും കൊള്ളാം
> കാറണിച്ചെളിനീളെപ്പുരണ്ടാലതും കൊള്ളാം
> ഇല്ലിഹ സംഗം ലേപമെന്നിവ; സമസ്വച്ഛ-
> മല്ലയോ വിഹായസ്സുവ്വണ്ണമെൻ ഗുരുനാഥൻ'

എന്നാണ് അവരുടെ മട്ട്. ആരെങ്കിലും മുഖഭാവം കൊണ്ട് ആ പ്രശംസ ശരിയല്ലെന്നു സൂചിപ്പിച്ചാൽ 'ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തിൽ' എന്നുവരെ പറഞ്ഞുകളയും. 'അല്ലായ്കിൽ അവിടുത്തെച്ചരിത്രം വായിക്കുവിൻ' എന്ന് അയാൾക്കു പറയാനാവില്ല. കാരണം, അച്ഛന്റെ ചരിത്രം തനിക്കെന്നപോലെ മാലോകർക്കും അറിയാമെന്നതു മകനും അറിയാമെന്നതുതന്നെയാണ്. എനിക്ക് ഈ കാപട്യം വയ്യ. അതുകൊണ്ട് എന്റെ പിതാവിനെ 'വെള്ളയടിച്ച്' കാണിക്കാൻ മനസ്സ് അനുമതി തരുന്നില്ല. ആ വ്യക്തിയുടെ നൃശംസതയാൽ ഒരു തിരുവോണദിനത്തിൽ ഞാനും മറ്റുള്ളവരും പട്ടിണി കിടന്നതു പ്രിയപ്പെട്ട വായനക്കാരെ അറിയിക്കാൻ എനിക്കു താല്പര്യം തന്നെയുണ്ട്.

നാടകം തുടങ്ങുകയാണ്. നാടകത്തിന്റെ ആദ്യഭാഗത്തു കഥാപാത്രങ്ങളെക്കുറിച്ചു പറയുമല്ലോ. അതുകൊണ്ട് ഈ നാടകത്തിലെ പ്രധാന കഥാപാത്രത്തെ ഞാനും അവതരിപ്പിക്കട്ടെ.

ശരീരം: നല്ല വെളുപ്പ്. സ്ഥൂലിച്ചത്.

കണ്ണുകൾ: രക്തരൂഷിതങ്ങൾ.

പൊക്കം: അഞ്ചടി എട്ടിഞ്ച്.

കാലുകൾ: നിലത്തുറയ്ക്കുന്നില്ല.

കഴുത്ത്: തടിച്ചത്.

മീശ: പറ്റെ വെട്ടിയത്.

നോട്ടം: രൗദ്രം.

പ്രസരിപ്പിക്കുന്ന ഗന്ധം: പല തരത്തിലുള്ള മദ്യങ്ങൾ സങ്കലനം ചെയ്താൽ ഉണ്ടാവുന്നത്.

കഥാപാത്രം വരാന്തയിൽ കയറിയയുടനെ കണ്ടതു സനാതന ധർമ്മവിദ്യാലയത്തിൽ പഠിക്കുന്ന എന്നെയാണ്. ഒഴിവുദിനമായതുകൊണ്ടു സ്കൂളിൽ പോകാതെ ഞാൻ വരാന്തയിൽ ആലസ്യത്തോടെ നില്ക്കുകയായിരുന്നു. എന്നെ കണ്ടപാടേ കഥാപാത്രത്തിന്റെ കണ്ണുകൾ കൂടുതൽ രക്തച്ഛവിയാർന്നു.

'എന്തെടാ പട്ടീ... മോനെ സ്കൂളിൽ പോകാത്തതു?'

എന്ന് അവ്യക്താക്ഷരങ്ങളിൽ ഒരു ചോദ്യം ചോദിച്ചുകൊണ്ടു കാലുമടക്കി ഒരടി. ഒറ്റക്കാലിൽ നിന്നുകൊണ്ടുള്ള അടി. ഞാൻ 'അയ്യോ' എന്ന നിലവിളിയോടുകൂടി താഴെ വീണു. അഴിഞ്ഞുപോയ മുണ്ട് ഒരുമാതിരി വലിച്ചു ചുറ്റിക്കൊണ്ടു കഥാപാത്രം അകത്തേക്കു കടന്നപ്പോൾ അമ്മ അടുത്ത ദിവസത്തെ തിരുവോണദിനത്തിന് അടപ്പായസമുണ്ടാക്കാനായി ചില ഒരുക്കങ്ങൾ നടത്തുകയായിരുന്നു. 'അവളുടെ ഒരടപ്പായസം' എന്നു കൂടുതൽ അവ്യക്തതയോടെ ഒരു പ്രസ്താവം. 'ഇത് എന്തൊരു പാട്!' എന്നോ മറ്റോ അവർ പറഞ്ഞതേയുള്ളൂ. ചാരുകസേരയുടെ തുണിയിൽ രണ്ടറ്റവും ഇട്ട കമ്പുകളിൽ ഒന്നുരിക്കൊണ്ടു കഥാപാത്രം അടുക്കളയിൽ കയറി എല്ലാം തല്ലിപ്പൊട്ടിച്ചു. മുൻവശത്തെ മുറിയിൽ അലമാരിയിൽ അടുക്കി വച്ചിരുന്ന എല്ലാ സ്ഫടികപ്പാത്രങ്ങളും വലിച്ചുവാരി താഴെയിട്ട് അടിച്ചതകർത്തു. ചിലതു മുറ്റത്തേക്ക് എറിഞ്ഞു. എറിഞ്ഞവയിൽ പലതും പൊട്ടിയില്ലെന്നു കണ്ടപ്പോൾ ആ സമയത്തു പെയ്ത ചെറിയ മഴയിൽ നിന്നു രക്ഷ പ്രാപിക്കാനായി കുട നിവർത്തിപ്പിടിച്ചുകൊണ്ടു കഥാപാത്രം മുറ്റത്തേക്കു ഓടി. ചാരുകസേരക്കമ്പുകൊണ്ട് എല്ലാം തല്ലിത്തകർത്തു. വീണ്ടും ഭവനപ്രവേശം. മുണ്ടുകൾ, ഷേർട്ടുകൾ, ബ്ലൗസുകൾ ഇവയെല്ലാം വലിച്ചുകീറി. അതുകൊണ്ടും അരിശം തീരാഞ്ഞിട്ടവനപ്പുരച്ചുറ്റം പാഞ്ഞുനടന്നില്ല. സ്വന്തം ഷേർട്ടിന്റെ കുടുക്കുകൾ ഊരാതെ താഴെനിന്ന് ബലം പ്രയോഗിച്ച് ഒറ്റക്കീറൽ. കീറിയ ഷർട്ട് എടുത്ത് അമ്മയുടെ മുഖത്തേക്കു എറിഞ്ഞു. എന്നിട്ട് ആ 'ബനിയധരൻ' അയഞ്ഞ മുണ്ടോടുകൂടി തത്തംപള്ളി റോഡിലേക്ക് ഓടി. അവിടത്തെ ലഹരിയിൽ മുഴുകാനാവാം എന്നു ഞാൻ വിചാരിച്ചു.

ഈ കുൽസിത പരാക്രമങ്ങളൊക്കെ നടത്തുമ്പോൾ ഞാൻ ഒളിച്ചുനില്ക്കുകയായിരുന്നു. അല്ലെങ്കിൽ വീണ്ടും ചവിട്ടു കിട്ടിയേനേ എനിക്ക്. സന്ധ്യയായി, രാത്രിയായി. പ്രകൃതി വെള്ളികൊണ്ടുണ്ടാക്കിയ ഒരു ഭാജനം നീലാന്തരീക്ഷത്തിൽ തിളങ്ങി. അതിൽ തുളുമ്പിനിന്ന നീലമുന്തിരിച്ചാറ് ക്ഷീരപഥങ്ങളിലേക്ക് ഒഴുകി. അവ കുടിച്ചു താരങ്ങൾ കണ്ണു ചിമ്മിക്കൊണ്ടിരുന്നു. പക്ഷേ, അവ പരാക്രമങ്ങൾക്ക് ഒരുമ്പെട്ടില്ല. രാത്രിയായി. അതുവരെ ഒന്നും കഴിച്ചിട്ടില്ല. അമ്മ ചുരുണ്ടുകൂടി കിടക്കുന്നു. രാത്രി പന്ത്രണ്ടുമണി വരെ ഇരുന്നിട്ടു മുൻവശത്തെ കിണറ്റിൽനിന്നു പച്ചവെള്ളം കോരിക്കുടിച്ചതിനുശേഷം ഞാൻ കിടന്നു. കുറെനേരം കഴിഞ്ഞപ്പോൾ ഞാൻ നിദ്രയിലമർന്നു. ഞാൻ പല സ്വപ്നങ്ങളും കണ്ടു കൂടെക്കൂടെ ഞെട്ടിയുണർന്നു. ഒരു സ്വപ്നം അന്നത്തെ തിരുവിതാംകൂർ ദിവാനോട്—വാട്ട് സോ ഹബീബുള്ളയോ; ആരെന്ന് ഓർമ്മയില്ല—മദ്യനിരോധനം ഏർപ്പാടുത്താൻ ഞാൻ അദ്ദേഹത്തിന്റെ കാൽക്കൽ വീണ് അഭ്യർത്ഥിക്കുന്നതായിരുന്നു. ദിവാന്റെ പൊട്ടിച്ചിരി കേട്ടു ഞാൻ ഉണർന്നു. പിന്നെ ഉറങ്ങിയതുമില്ല.

ആരോ കിഴക്കുദിക്കിൽ പനിനീർപ്പൂക്കൾ വാരിയെറിഞ്ഞു. ആരെയും കാത്തുനില്ക്കാത്ത സൂര്യൻ അന്തരീക്ഷത്തിന്റെ മധ്യഭാഗത്തായി. അതു പടിഞ്ഞാറോട്ടു ചരിഞ്ഞുതുടങ്ങി. കത്തിക്കാളുന്ന വിശപ്പോടുകൂടി ഞാൻ നാലു ഭാഗത്തും നോക്കി. നിശ്ശബ്ദത. അമ്മ അവിടെത്തന്നെ ചുരുണ്ടുകിടക്കുന്നു. കണ്ണീരൊലിക്കുന്ന തിരുവോണനാൾ. ഞാൻ മെല്ലെ അടുത്ത വീട്ടിലേക്കു കയറി. 'ആങ്, കൃഷ്ണൻകുട്ടിയോ വരൂ, ഇരിക്കൂ' എന്നു ഗൃഹനായകൻ സ്നേഹപൂർവം വിളിച്ചപ്പോൾ ഒരു കപ്പ് പായസമെങ്കിലും അദ്ദേഹം തരുമെന്നു വിചാരിച്ചു ഞാൻ കള്ളച്ചിരി പൊഴിച്ചു വരാന്തയിൽ കയറിയിരുന്നു. ഗൃഹനായകൻ മറ്റു വിഷയങ്ങളെക്കുറിച്ചു മാത്രമേ സംസാരിക്കുന്നുള്ളുവെന്നു കണ്ടപ്പോൾ അക്കാലത്തെ പ്രശസ്തനായ അഭിനേതാവ് കയിൽ നാദം വേലുനായരുടെ മിത്രമായ അദ്ദേഹത്തോടു ഞാൻ ആ അഭിനേതാവിനെക്കുറിച്ചു ദുർബല ശബ്ദത്തിൽ ചിലതെല്ലാം പറഞ്ഞു നോക്കി. ഫലമില്ല.

അപ്പോൾ അകത്തുനിന്നു ഗൃഹനായികയുടെ അമൃതവർഷം പോലുള്ള ചോദ്യം: കൃഷ്ണൻകുട്ടിക്ക് അടപ്പായസം വേണോ? ഞാൻ മറുപടി പറയുന്നതിനു മുൻപു ഗൃഹനായകൻ: 'എന്തെടീ ഔചിത്യമില്ലാത്ത ചോദ്യം. തിരുവോണമല്ലേ? എക്സൈസ് ഇൻസ്പെക്ടറുടെ വീടല്ലേ? കുറഞ്ഞതു നാലുപായസമെങ്കിലും ഇവൻ കുടിച്ചിരിക്കും. ഉപദ്രവിക്കാതെ പയ്യനെ.'

എന്റെ മുഖം കർക്കടകമാസത്തിലെ അമാവാസിപോലെ തിരുവോണദിനത്തിൽ കറുക്കുന്നതു ഗൃഹനായകൻ കണ്ടില്ല. കുറെനേരംകൂടി അവിടെയിരുന്നിട്ടു ഞാൻ യാത്ര പറഞ്ഞു റോഡിലേക്കു ചെന്നു. തെക്കനാര്യട്ടെ തറയിൽ വീട്ടിൽ എക്സൈസ് ശിപായി വേലായുധൻപിള്ളയുണ്ട്. അദ്ദേഹത്തിന്റെ മകൻ ഭാസ്കരപ്പണിക്കർ എനിക്കു റ്റ്യൂഷൻ തരുന്നുണ്ടായിരുന്നു. സാറിനെ കാണാൻ വന്നതാണെന്നു കള്ളം പറയാമെന്നു കരുതി ഞാൻ തെക്കനാര്യട്ടേക്കു നടന്നു. ഏതാനും അടി മുൻപോട്ടു വച്ചുവെന്നേ എനിക്കോർമ്മയുള്ളൂ. തലകറങ്ങി ഞാൻ റോഡിന്റെ നടക്കുതന്നെ വീണു. പിന്നെ എന്നെ വീട്ടിലെടുത്തുകൊണ്ടുവന്നത് ആരാണെന്ന് എനിക്കറിഞ്ഞുകൂടാ...

തിരുവോണദിനത്തിൽ മഹാകവി ചോദിച്ചതുപോലെ എന്തിനെൻ കണ്ണീരൊലിച്ചു? എന്തിന് ആഹാരമില്ലാതെ ഞാൻ പുളയുകയും ആത്മഹനനത്തിന് ആഗ്രഹിക്കുകയും ചെയ്തു? ഉത്തരം നല്കേണ്ടതില്ല. ഒരു വ്യക്തിയുടെ ദുഷ്ടത അയാളെ ആശ്രയിക്കുന്ന പലരെയും നിരാലംബരാക്കും. "നിൻ കുടിയൊഴിഞ്ഞീടണം അല്ലെങ്കിൽ നിൻകുടി (പാർപ്പിടം) ഞാൻ ഒഴിപ്പിക്കും" എന്നു പറയാൻ കുട്ടികൾക്കാവില്ല. പ്രായമാർന്ന ഗൃഹനായികമാർക്കും ആവില്ല. നമ്മുടെ സമൂഹത്തിന്റെ സ്ഥിതി അതാണ്.

തിരുവോണം കഴിഞ്ഞു മൂന്നോ നാലോ ദിവസത്തിനുശേഷം ഞാൻ സനാതന ധർമ്മവിദ്യാലയത്തിലെ പറമ്പിലേക്കു ചെന്നു. സന്ധ്യ ഏഴുമണി. എന്റെ ഹെഡ്മാസ്റ്റർ മഞ്ചേരി രാമകൃഷ്ണയ്യരുടെ വീട്ടിലെ കർട്ടനിട്ട ജന്നലിനു പിറകെ ഒരു ദീപം പുഷ്പിച്ചിരിക്കുന്നു. ദീപത്തിനു പുറകെ ഒരാളിന്റെ അവ്യക്തരൂപം. സാറായിരിക്കാം. അദ്ദേഹം വായിക്കുകയാവാം. എഴുതുകയാവാം. എഴുതിയും പ്രസംഗിച്ചും ജനതയുടെ സംസ്കാരത്തെ വികസിപ്പിക്കുന്ന മഹാവ്യക്തി അദ്ദേഹത്തിന്റെ മുഖം സത്വഗുണപ്രധാനം. കണ്ണുകളിൽ പ്രശാന്തത കുട്ടികളെ സ്നേഹപൂർവം 'കുഴന്തേ' എന്ന് അദ്ദേഹം വിളിക്കുന്നതു ഞാൻ എത്ര തവണയാണു കേട്ടത്. എല്ലാവരും എന്റെ ഗുരുനാഥനെപ്പോലെ ആയെങ്കിൽ! എങ്കിൽ തിരുവോണദിനങ്ങൾ മാത്രമല്ല മറ്റെല്ലാ ദിനങ്ങളും ചേതോഹരങ്ങളാകുമായിരുന്നു.

കെ. സുരേന്ദ്രന്റെ നോവലുകൾ

മാക്സ് ഗോർക്കി

മാക്സ് ഗോർക്കിയുടെ Lower Depths എന്ന നാടകം ഞാൻ വായിച്ചിട്ടുണ്ടെങ്കിലും വിമർശനാത്മക ആപ്രിക്കൻ സാഹിത്യകാരൻ **ആന്ദ്രേയ്ക്ക്** (Andre Brink) എഴുതിയ ഒരു പ്രബന്ധത്തെ അവലംബിച്ചാണ് ഞാനിതു കഴിക്കുന്നു. ആ നാടകത്തിലെ കഥാപാത്രമായ വൃദ്ധ മറ്റള്ളവരോടു ഒരു കഥ പറയുന്നു. സെബിയിയ യിൽ ഒരെത്തനഭാവിതന്റെ സാമൂഹികവും ധാർമ്മികവുമായ ഒരു പ്രദേശത്തിൽ വിദ്യാസമർപ്പിക്ക നവനായി. പള്ളം വിനൂയജനകമായ ആത്മീയ ദൂതിൽ അവിടെ നയതാകുന്നു ആ സത്യലോകത്തിലെ ചില പ്പോൾ തോന്നി. എങ്കിലുള്ള ചെയ്യിച്ച. കറുകാലം ഒരു ദുരന്തമായിട്ടാണ് ഞാനിതു കഴിക്കുന്നതു. ഇതിലെ ചെയ്തിട്ടുള്ള ഒരു ചിത്രത്തിന്റെ ഒരു ഭാഗം ഇതിനു ചേർത്തിട്ടുണ്ട്. ഇതിലെ ചേർത്ത ചിത്രത്തിൽ ഒരാൾ ഒരു ചിത്രം കാണുന്നു. ആ ചിത്രത്തിലെ ഒരു ഭാഗം ഇതിനു ചേർത്തിട്ടുണ്ട്. ഇതിലെ ചിത്രത്തിൽ

വിശ്വസുന്ദരി, വൃദ്ധരതി

> വെണ്ണ തോല്ക്കുമുടലിൽ സുഗന്ധിയാ
> മെണ്ണ തേച്ചരയിലൊറ്റമുണ്ടുമായ്
> തിണ്ണമേലരുളുമാനതാംഗിമ-
> ക്കണ്ണനേകി മിഴികൾക്കൊരുത്സവം.

കുളിക്കാൻ സന്നദ്ധയായിരിക്കുന്ന പാർവതിയെ ശിവൻ കണ്ടതെങ്ങനെയെന്നു വർണിക്കുകയാണു വള്ളത്തോൾ. പാർവ്വതി എണ്ണ തേച്ചു കുളിക്കുമോ? അപ്പോൾ അർദ്ധനഗ്നയായിത്തന്നെ ഇരിക്കുമോ? സുതാര്യമായ ഒറ്റമുണ്ട് ഉടുത്തേ ഇരിക്കുകയുള്ളോ? കൈലാസത്തെ സൗധത്തിൽ കേരളത്തിലെ പാവപ്പെട്ടവരുടെ കൊച്ചുവീടുകളിൽ മാത്രം കാണുന്ന (ചാണകം മെഴുകിയ) തിണ്ണയുണ്ടോ? മുണ്ടുതന്നെയാണോ ദേവിയും ഉടത്തിരുന്നതു? എന്നൊക്കെയുള്ള ചോദ്യങ്ങൾക്കു സാംഗത്യമുണ്ട്. അതിരിക്കട്ടെ. ഏതോ നായർ ഭവനത്തിൽ ഒരിക്കലോ പലതവനയോ വള്ളത്തോൾ കണ്ട കാഴ്ചയെ അദ്ദേഹം ഔചിത്യഹീനമായി പരമശിവന്റെ സഹധർമചാരിണിയിലേക്കു സംക്രമിപ്പിച്ചിരിക്കുകയാണ് എന്നേ പറയേണ്ടൂ. ശ്ലോകം നന്നായിട്ടുണ്ടെങ്കിലും ആ നന്മ ഉചിതജ്ഞതാരാഹിത്യത്തിന്റെ അതിപ്രസരത്തിലും അധിപ്രസരത്തിലും ആമഗ്നമായിപ്പോകുകയാണ്. വള്ളത്തോളിനെ കുറ്റപ്പെടുത്തേണ്ടതില്ല. സ്ത്രീസൗന്ദര്യം വിശേഷിച്ച് നഗ്നയായ സ്ത്രീയുടെ മെയ്യഴക് പുരുഷന് ആസ്വദിക്കാനുള്ളതാണ് എന്ന ഫ്യൂഡലിസ്റ്റ് ചിന്താഗതിയാണു വള്ളത്തോളിനുള്ളത്.

> ഈറൻ പഴന്തുണി തദംഗിലതയ്ക്കിണങ്ങും
> മാറർദ്ധസംവരണമാം മുളവേലിയായി
> മറ്റത്തു തത്തുമരുപന്തുകൾ തോളിലിട്ട
> കീറത്തുവർത്തുതുകിലിങ്കലൊതുങ്ങിയില്ലാ

എന്നു വള്ളത്തോൾ എഴുതുമ്പോൾ രസിക്കുന്നതു വായനക്കാരെക്കാൾ മഹാകവി തന്നെയാണ്. സ്ത്രീയുടെ ശാരീരിക സൗഭഗം പുരുഷന് ആസ്വദിക്കാനുള്ളതല്ലെങ്കിൽ വേറെയാരാണ് അതാസ്വദിക്കുക എന്ന ചോദ്യമാണ് ഇമ്മാതിരി കാവ്യങ്ങളിൽ നിന്നുയരുന്നത് ഇതൊരു കുറ്റമായി പറയുകയല്ല ഞാൻ. സവിശേഷമായ പുരുഷ ചിന്താഗതിയുടെ ഉപോൽപന്നമാണ് ഈ ആസ്വാദനമെന്നേ എനിക്കഭിപ്രായമുള്ളൂ.

രൂപമൊത്ത സ്ത്രീയുടെ ശരീരത്തിന് അല്പമൊരു ന്യൂനത്വം വരുത്തിയാൽ, അതു കാണുന്ന പുരുഷന്റെ ലൈംഗികക്ഷോഭം വളരെക്കൂടുമെന്ന് എല്ലാ സാമൂഹിക ശാസ്ത്രജ്ഞന്മാരും സമ്മതിച്ചിട്ടുണ്ട്. ചൈനയിലെ ഇപ്പോഴത്തെ സ്ഥിതി എനിക്കറിയില്ല. പണ്ടു പെൺകുട്ടികളുടെ കാലുകൾ ബൂട്ട്സിനകത്തിട്ടുവച്ചിരുന്നു. ഒരു സമയത്തും മാറ്റാത്ത ആ ബൂട്ട്സ് പാദങ്ങളുടെ വളർച്ച തടഞ്ഞിരുന്നു. യുവതിയായാലും കൊച്ചുകുഞ്ഞിന്റെ കാലുകൾ. ചെറുപ്പക്കാരി അവലംബമില്ലാതെ ആടിയാടി നടക്കുന്നതു കണ്ട പുരുഷൻ ലൈംഗികഹർഷാതിരേകത്തിൽ ചെന്നിരുന്നു. സ്ത്രീയോ? അവൾ ഉപഭോഗവസ്തു മാത്രമാണ്. ചെറിയ കാലുകളുള്ള സ്ത്രീ ജോലി ചെയ്യേണ്ടതില്ല. ജോലി ചെയ്യണമെന്നുണ്ടെങ്കിലല്ലേ നല്ല കാലുകൾ വേണ്ടൂ. ശയനീയത്തിൽ ഭർത്താവിനെ വേഴ്ചയ്ക്കു മാത്രമായി കാത്തു കിടക്കുന്ന ചൈനീസ് സ്ത്രീക്കു സ്വാഭാവിക വളർച്ചയുള്ള കാലുകൾക്ക് എന്താവശ്യകത! ആ കാലയളവിലെ ഫ്യൂഡൽ ചിന്താഗതിയുടെ ഫലമാണു കാലു ചെറുതാക്കൽ എന്ന ക്രൂരമായ ഏർപ്പാട്.

മേനിയഴകിന്റെ പിന്നാലെ

നമ്മുടെ പരസ്യക്കാർക്കും സ്ത്രീയുടെ പൊന്മേനിയഴക് ഒഴിവാക്കാൻ വയ്യ. നെഞ്ചത്തും അരക്കെട്ടിലും ലേശം കറുത്ത തുണി. ആ തുണിയുടെ ആവരണസ്വഭാവത്തിലൂടെ ദ്രഷ്ടാവ് സ്ത്രീയുടെ ഗോപനീയാംഗങ്ങൾക്കുള്ള ഗൂഢാർഥതയിലേക്കു ഭാവനാപരമായ സാക്ഷാത്കാരം നടത്തുന്നു അവയവങ്ങളുടെ പ്രത്യക്ഷ ദർശനത്തെക്കാൾ ഇതിനു കാമോദ്ദീപക ശക്തിയുണ്ട്. 'ഫോർ ഇഞ്ച് ക്ലോത്ത്' ധരിച്ച ഈ അതിസുന്ദരി നഗ്നങ്ങളായ തുടകൾ കാണിച്ചും ആവരണം ചെയ്ത പൃഥുലനിതംബം കാണിച്ചും പലതവണ വട്ടം കറങ്ങുന്നു. ദ്രഷ്ടാവിന്റെ ലൈംഗികാസക്തിയെ ജ്വലിപ്പിച്ചുവിട്ട് അവളുടെ സമീപത്തിരിക്കുന്ന ടെലിവിഷൻ സെറ്റിന്റെ മനോഹാരിതയിലേക്കു നയിക്കുന്നു. അടുത്ത ദിവസം സെറ്റ് വാങ്ങാൻ പോകുന്നവർ ടെലിവിഷനിൽ ദർശിച്ചതുതന്നെ വാങ്ങുന്നു ഒരു കാര്യംകൂടി പറയേണ്ടതുണ്ട്. കറുപ്പിനാണ് ലൈംഗികാസക്തി വർധിപ്പിക്കാൻ കഴിവെന്നു ലൈംഗികശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. കാലു നീട്ടിവയ്ക്കുകയും തുട കാണിക്കുകയും തിതംബം പ്രദർശിപ്പിക്കുകയും ചെയ്യുന്ന അതിസുന്ദരി കറുത്ത അണ്ടർവെയറാണ് ധരിക്കുക. അവളുടെ മാറിലും കറുത്ത ബ്രാ തന്നെ.

സുന്ദരികളും കിഴവന്മാരും

കവികളും പരസ്യക്കാരും അനുഷ്ഠിക്കുന്ന ഈ കൃത്യം തന്നെയാണ് ലോകസുന്ദരിമാരെ തെരഞ്ഞെടുക്കുന്ന വൃദ്ധരായ പ്രാഡ്വിവാകരും അനുഷ്ഠിക്കുക. പലതരത്തിലുള്ള പ്രദർശനങ്ങൾ വേണ്ടിവരുന്നു സുന്ദരികൾക്ക്. നനഞ്ഞൊട്ടിയ അല്പവസ്ത്രങ്ങളോടെ അവർ നില്ക്കണം, കിഴവന്മാരുടെ മുമ്പിൽ പിന്നീട് ഒരു തുട കാണിച്ചുകൊണ്ടുള്ള നടത്തം. പ്രാഡ്വിവാകർ വൃദ്ധന്മാരായതുകൊണ്ടു സൗന്ദര്യത്തിന്റെ വിലയിരുത്തൽ മാത്രമേ നടക്കുന്നുള്ളുവെന്നാണു ഭാവം. പക്ഷേ, ഇക്കാര്യത്തിൽ കിഴവന്മാർ ചെറുപ്പക്കാരെക്കാൾ മുൻപന്തിയിലാണ് എന്നതത്രേ വാസ്തവം. വൃദ്ധരതി കൂടുതൽ ഉദ്ദീപിപ്പിക്കുന്ന യുവതിക്ക് സമ്മാനം. ധിഷണാവൈഭവം പരിശോധിക്കാനായി സുന്ദരികളോടു ചോദ്യങ്ങൾ ചോദിക്കുന്നതും മറ്റും അസത്യപ്രക്രിയകളായി കരുതിയാൽ മതി. വൃദ്ധരതി ജയിക്കുമ്പോൾ വിശ്വസുന്ദരി ജയിക്കുന്നു. എന്തൊരു വിലക്ഷണമായ ഏർപ്പാട്!

നഗ്നതയും ഹസ്തിപിടുത്തവും

നഗ്നതയിൽ സവിശേഷതയൊന്നുമില്ല. കൈ കാണിക്കുന്നതു ഗോപനീയാംഗങ്ങൾ പ്രദർശിപ്പിക്കുന്നതും തമ്മിൽ എന്തേ വ്യത്യാസം എന്നു നവീനന്മാർ ചോദിക്കുന്നുണ്ട്. പുരാതന ഗ്രീസിൽപ്പോലും ഈ നഗ്നതാ പ്രദർശനമുണ്ടായിരുന്നുവെന്ന് അവർ ചൂണ്ടിക്കാണിക്കും. സുന്ദരികളെയും സുന്ദരന്മാരെയും കണ്ടുപിടിച്ച് ഒന്നാം സ്ഥാനം നിർണയിക്കാനായി സ്പാർട്ടയിൽ നഗ്നരായ യുവതികളെയും യുവാക്കന്മാരെയും കൊണ്ടു ഹസ്തിപിടിപ്പിക്കുമായിരുന്നു. പരിപൂർണ നഗ്നകളായ യുവതികൾ അന്നത്തെ വിധികർത്താക്കളെ രതിമൂർച്ഛയിലെത്തിച്ചപ്പോൾ പ്രേക്ഷകർക്ക് അത്ഭുതമുളവാക്കുന്ന സമ്മാനങ്ങൾ അവർക്കു നല്കിയിരുന്നു. നമ്മുടെ ലോകസുന്ദരി തെരഞ്ഞെടുപ്പിൽ പരിപൂർണ നഗ്നതയുടെ പ്രദർശനമില്ലെന്നു തോന്നും. നനഞ്ഞൊട്ടിയ വസ്ത്രങ്ങളോടുകൂടി സുന്ദരികൾ നില്ക്കുമ്പോൾ പരിപൂർണമായ നഗ്നതയെക്കാൾ ആ നിലയ്ക്കു കാമോദ്ദീപകത്വം ഉണ്ടല്ലോ. ഗോപനീയാംഗങ്ങളുടെ പ്രദർശനം ഹസ്തപ്രദർശനംപോലെയാണെന്ന വാദത്തിനു പ്രസക്തിയില്ല. ചില അവയവങ്ങളുടെ പ്രദർശിപ്പിക്കൽ ദ്രഷ്ടാക്കളുടെ രക്തത്തെ ചൂടുപിടിപ്പിക്കും. ആ ഊഷ്മളരക്തം അവരുടെ മാനസികനിലയ്ക്കും മാറ്റംവരുത്തും. ക്രിമിനലുകളായി മാറാൻപോലും ആ പരിവർത്തനം ചിലപ്പോൾ സഹായിച്ചെന്നുവരും. അതുകൊണ്ടു ലോകസുന്ദരിത്തെരെഞ്ഞെടുപ്പ് എന്ന പേരിൽ നടത്തുന്ന ഈ രതിവർധനോപായം സംസ്കാരശൂന്യമായ ഏർപ്പാടാണ്. ഇതിന്റെ പിറകിൽ വഞ്ചനാത്മകത ഏറെയുണ്ട്. ലോകസുന്ദരിയായി തെരെഞ്ഞെടുക്കപ്പെടുന്നവൾ ചലച്ചിത്രത്തിൽ നായികയായിവരും. പരസ്യക്കാർക്ക് അവളെ പ്രയോജനപ്പെടുത്താം. പേരു നല്ലപോലെ ഓർമ്മയിലില്ല. പണ്ട്, സിൽവാനോ മങ്കാനോ എന്നോ മറ്റോ പേരുള്ള ഒരു ഇറ്റലിക്കാരിയെ ലോകസുന്ദരിയായി തെരഞ്ഞെടുത്തു ഏതാനും മാസങ്ങൾക്കുള്ളിൽ അവൾ Bittor Rice എന്നൊരു സിനിമയിൽ നായികയായി വന്നു. നമ്മുടെ ലോകസുന്ദരിമാരെ പരസ്യക്കാർ പ്രയോജനപ്പെടുത്തുന്നതെങ്ങനെയെന്നു ദിവസവും ടെലിവിഷൻ കാണുന്നവരോടു ഞാൻ പറയേണ്ടതില്ല. അവരുടെ നഗ്നതാപ്രദർശനം നമ്മുടെ പിഞ്ചുകുട്ടികളെപ്പോലും അപഥസഞ്ചാരം നിർവഹിപ്പിക്കും.

പുരുഷശരീരത്തിനും സ്ത്രീശരീരത്തിനും പാവനത കല്പിക്കുന്നവരാണു ഭാരതീയർ.

> 'ആത്മാനം രഥിനം വിദ്ധി
> ശരീരം രഥമെപതു
> ബുദ്ധിം തു സാരഥിം വിദ്ധി
> മനഃ പ്രഗ്രഹമേവ ച'

എന്നു കഠോപനിഷത്ത്.

മനുഷ്യനെ സാകല്യാവസ്ഥയിൽ രഥമായിക്കാണണം. ആത്മാവ് അതിലെ യാത്രക്കാരൻ. ധിഷണയാണ് രഥമോടിക്കുന്നവൻ. ഇന്ദ്രിയങ്ങൾ കുതിരകൾ. മനസ്സ് കടിഞ്ഞാണും. ഈ മഹനീയ സങ്കല്പത്തിൽ നിന്നു നമ്മളെത്ര താണുപോയിരിക്കുന്നു.

ഗ്രന്ഥശംഖിമില്ലാത്ത കാലം, സാഹിത്യവും

പൂർണചന്ദ്രൻ പ്രതിഫലിക്കുന്ന സിദ്ധാന്ത തടാകത്തിന്റെ കുളിരാർന്ന ഹൃദാന്തർഭാഗത്തെ കുമുദങ്ങൾ. ആ തടാകത്തിൽ ഇറപ്പിരുകൊണ്ടാൽ ലൈകുകളായിൽ ധാരിതമാകാം ദൈനികമോ ആഴ്ച തെറ്റാത്ത പത്രാധി സാധികയിലൂടെ. എന്നാൽ നമ്മുടെ സൗന്ദര്യബോധമായ കീർത്തനത്തെ നമ്മുടെ ഹൃദയത്തിലേക്കു ഏറ്റെടുക്കാതെ തലത്തിൽ ഒരു ചുമന്നതാണ് ആ ദൃശ്യം. ഇത്തരം ദൃശ്യമിതുമൽക്കാരിതാർ പറഞ്ഞ ഗ്രന്ഥശംഖിമില്ലാത്ത കാലം. ഏകാന്തതയുടെ വിൽക്കപ്പെട്ടിൽ ആത്മസൗന്ദര്യത്തിന്റെ ഗ്രന്ഥശംഖിമുണ്ടായിരുന്നു. അവയ്ക്കു ഇടയിലുടെ സൗന്ദര്യസങ്കല്പങ്ങളെ ഉൾപ്പെടുത്തുന്ന കഥ എന്നിവയുടെ കാലം. ഏകാന്തതയുടെ ഗ്രന്ഥശംഖിമുണ്ടായിരുന്നു. ഇത്തരം ചിന്തകൾ ഉണ്ടാകുന്നത് ഒരു ചിത്രകാരിയുടെ മനസ്സിലാണെന്നു പറയാം? എന്നാൽ ഗ്രന്ഥശംഖിമുണ്ടായിരുന്നു. ഇത്തരം ചിന്തകൾ ഉണ്ടാകുന്നത് ഒരു ചിത്രകാരിയുടെ മനസ്സിലാണെന്നു പറയാം?

എം. കൃഷ്ണൻ നായർ



തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.



1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്ന മണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യൂമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014